

VOL NO: 07 I ISSUE 17
www.nerpatham.com
mail@nerpatham.com
2023 APRIL 29 I ₹10

# നേർപഥം

വാരിക

# ഇസ്‌ലാമും ധാർമിക മൂല്യങ്ങളും

ചാക്രികമായ ആചാരനുഷ്ഠാനങ്ങളുടെ സംഘാതം മാത്രമല്ല ഇസ്‌ലാമിക മൂല്യസങ്കൽപം. മറിച്ച്, ജീവിതത്തിന്റെ നിഖില മേഖലകളിലും സ്രഷ്ടാവിനെ കേന്ദ്രസ്ഥാനത്ത് നിർത്തിയുള്ള ജീവിതശൈലി രൂപപ്പെടുത്തുന്നതിലൂടെ മാത്രമെ അതിന്റെ പൂർണത പ്രാപിക്കുകയുള്ളൂ. അതുതന്നെയാണ് ഇസ്‌ലാമിക ധാർമിക മൂല്യങ്ങളുടെ വ്യതിരിക്തതയും.

## ജനസംഖ്യാവർധനവും പാളിപ്പോയ മാൽത്തൂസിയൻ സിദ്ധാന്തവും

|| അമ്മാറുബ്നു യാസിർ(റ)

|| ഖാദിയാനി പ്രവാചകന്റെ 99 നാമങ്ങൾ

|| മതലയനമല്ല; മനുഷ്യ സൗഹാർദമാണ് വേണ്ടത്



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

**Enrol Now!**

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

**For Boys Grade 5 to 8**
**For Girls Grade 6 & 7**

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0327
# നേർപഥം
വാരിക

2023 ഏപ്രിൽ 29
1444 ശവ്വാൽ 08
പുസ്തകം 07 / ലക്കം 17




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



## ഇസ്‌ലാമും ധാർമിക മൂല്യങ്ങളും

ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05 ജനസംഖ്യാവർധനവും പാളിപ്പോയ മാൽത്തൂസിയൻ സിദ്ധാന്തവും

അഭിമുഖം
26 മതലയനമല്ല; മനുഷ്യ സൗഹാർദമാണ് വേണ്ടത്
ടി.കെ.അശ്‌റഫ് / ഉസ്മാൻ പാലക്കാഴി

ലേഖനം
06 ഖാദിയാനി പ്രവാചകന്റെ 99 നാമങ്ങൾ
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ചരിത്രപഥം
29 അമ്മാറുബ്നു യാസിർ(റ)
സി.പി യാസിർ സ്വലാഹി

ലേഖനം
18 അല്ലാഹുവിന്റെ സ്വിഫതുകളും സമസ്തക്കാരുടെ ഇരട്ടത്താപ്പും
ജമാൽ ആറ്റിങ്ങൽ

ക്വുർആൻ ദർശനം
32 സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
23 സകാത്ത്; ചില അടിസ്ഥാന കാര്യങ്ങൾ
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

നിയമപഥം
34 നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ



# നാഷണൽ ക്യാമ്പസുകളിലെ മധുരമുള്ള റമദാൻകാല പ്രവർത്തനങ്ങൾ

കേരളത്തിന് പുറത്തുള്ള വിവിധ റീജ്യനുകളും ക്യാമ്പസുകളും കേന്ദ്രീകരിച്ച് വിസ്ഡം സ്റ്റുഡന്റ്സ് നാഷണൽ വിംഗിന് കീഴിൽ സംഘടിപ്പിച്ച വിവിധങ്ങളായ റമദാൻകാല പ്രവർത്തനങ്ങൾ ഏറെ സന്തോഷം പകരുന്നതായിരുന്നു.

പെരുന്നാൾ ദിനത്തിലെന്നല്ല, വർഷത്തിലൊരിക്കൽ പോലും പുതിയ വസ്ത്രം സ്വപ്നം കാണാൻ കഴിയാത്ത നൂറുകണക്കിന് കുരുന്നുകളുടെ ഉള്ളറിഞ്ഞ സന്തോഷത്തിനു കാരണമാകാനും രക്ഷിതാക്കളുടെ കണ്ണീരിനും നിസ്സഹായാവസ്ഥയ്ക്കും കൈത്താങ്ങാവാനും 'ഈദ് കിസ്വ'യുടെ വിതരണത്തിലൂടെ സാധിച്ചു.

ഉത്തർപ്രദേശിലെ ലക്നൗ, അലിഗഢ് തുടങ്ങിയ ഏരിയകൾ, കർണാടകയിലെ ബിജാപൂർ, ഡൽഹിയിലെ വ്യത്യസ്ത പ്രദേശങ്ങൾ, ഒറീസ തുടങ്ങി കേരളത്തിന് പുറത്തുള്ള വ്യത്യസ്ത റീജ്യനുകളിൽ പൂർണമായും വിസ്ഡം സ്റ്റുഡന്റ്സിന്റെ പ്രവർത്തകരായ വിദ്യാർഥികൾ നേതൃത്വം നൽകിക്കൊണ്ടായിരുന്നു വിതരണം.

ഡൽഹി, ഹൈദരാബാദ്, മൈസൂർ റീജ്യണുകളിലും ത്രിപുര സെൻട്രൽ യൂണിവേഴ്സിറ്റി, യു.പിയിലെ അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റി, ഡൽഹി യൂണിവേഴ്സിറ്റി, ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ തുടങ്ങിയ വ്യത്യസ്ത ക്യാമ്പസ് യൂണിറ്റുകളിലും ഇഫ്താർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

റമദാനിനെ ഏറ്റവും മികച്ച രൂപത്തിൽ പ്ലാൻ ചെയ്ത് റമദാന് വേണ്ടി നന്നായി ഒരുങ്ങുവാൻ വിവിധ നാഷണൽ ക്യാമ്പസുകളിലെ വിദ്യാർഥികളെ പ്രാപ്തരാക്കുവാനായി, റമദാനിന് മുമ്പായി സംഘടിപ്പിച്ച Convene-National Students Gathering പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ഏറെ സഹായകമായിരുന്നു.

വിവിധ റീജ്യനുകൾ കേന്ദ്രീകരിച്ച് ആഴ്ചതോറും സ്ഥിരമായി സംഘടിപ്പിച്ചുവരുന്ന 'സി.ആർ.ഇ' കളും, ക്യാമ്പസ് വിദ്യാർഥികൾക്കായി റമദാനിൽ സംഘടിപ്പിക്കാറുള്ള 'അൽബയാൻ' ഖുർആൻ കോൺടസ്റ്റും ഖുർആനിന്റെ മാസത്തിന്റെ ആത്മീയ ചൈതന്യം ഏറ്റുകയുണ്ടായി. കേരളത്തിന് പുറത്തുള്ള വിദ്യാർഥികളുടെ ധാർമിക, അക്കാദമിക, ബൗദ്ധിക ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ തുടർന്നും സജീവമാകാൻ അല്ലാഹു സഹായിക്കട്ടെ.

*-ഡോ. ഷഹബാസ് കെ അബ്ബാസ്*
*(ചെയർമാൻ, നാഷണൽ വിംഗ്)*

# സമർപ്പണത്തിന്റെ സന്ദേശം പകർന്നുനൽകുക:
## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: വിശുദ്ധ റമദാനിൽ നേടിയെടുത്ത സമർപ്പണത്തിന്റെയും സഹനത്തിന്റെയും സന്ദേശം ഉൾക്കൊണ്ട് ജീവിതത്തെ ക്രമപ്പെടുത്താൻ എല്ലാവരും തയ്യാറാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് പി.എൻ അബ്ദുല്ലത്തീഫ് മദനി, ജനറൽ സെക്രട്ടറി ടി. കെ അശ്റഫ് എന്നിവർ ഈദ് സന്ദേശത്തിൽ പറഞ്ഞു.

വിശ്വാസ വിമലീകരണവും സാമൂഹിക ഇടപെടലുകളിലെ സൂക്ഷ്മതയും റമദാനിലൂടെ നേടിയെടുക്കാൻ പരിശ്രമിച്ചവരാണ് വിശ്വാസി സമൂഹം. ആഘോഷവും ആരാധനാ കർമ്മങ്ങളുടെ ഭാഗമായി കാണുന്ന മതമാണ് ഇസ്‌ലാം.

സഹജീവികളോടുള്ള കരുണയും കരുതലും റമദാനിനു ശേഷവും നിലനിർത്തണം. ഫാഷിസവും ലിബറലിസവും സാമൂഹിക ജീവിതത്തിൽ വലിയ വെല്ലുവിളിയായി ഉയർന്ന് വരുന്ന സാഹചര്യത്തിൽ വിശ്വാസത്തിന്റെ മൗലികതയിൽനിന്നുള്ള പ്രതിരോധം ഓരോരുത്തരുടെയും ബാധ്യതയാണെന്നത് നാം തിരിച്ചറിയണം.

# ജനസംഖ്യാവർധനവും പാളിപ്പോയ മാൽത്തൂസിയൻ സിദ്ധാന്തവും

ജനസംഖ്യാവർധനവ് എല്ലായ്പ്പോഴും ഭക്ഷ്യവിതരണത്തെക്കാൾ കൂടുതലായിരിക്കുമെന്നും പ്രത്യുൽപാദനത്തിൽ കർശനമായ നിയന്ത്രണങ്ങളില്ലാതെ മനുഷ്യരാശിയുടെ പുരോഗതി അസാധ്യമാണെന്നുമുള്ള സിദ്ധാന്തം ലോകത്തിനു സമർപ്പിച്ച് ഖ്യാതിനേടിയ ഇംഗ്ലീഷ് സാമ്പത്തിക ശാസ്ത്രജ്ഞനും ജനസംഖ്യാശാസ്ത്രജ്ഞനുമാണ് റോബർട്ട് തോമസ് മാൽത്തൂസ് (1766-1834).

അദ്ദേഹം മുന്നോട്ടുവച്ച സാമ്പത്തിക സിദ്ധാന്തമനുസരിച്ച് ജനസംഖ്യാ വളർച്ച എല്ലായ്പ്പോഴും ഭക്ഷണ വിതരണത്തെ മറികടക്കും. നിർബന്ധിത നിയന്ത്രണങ്ങളില്ലാത്ത ഒരു സമൂഹത്തിൽ ജനസംഖ്യാ വളർച്ചയുടെ ഭീഷണി എപ്പോഴും നിലനിൽക്കും. ജനസംഖ്യാവർധനവ് നിയന്ത്രിച്ചാൽ മാത്രമെ ഉപജീവന മാർഗങ്ങളിൽ പുരോഗതിയുണ്ടാകൂ.

ജനസംഖ്യാശാസ്ത്രത്തിന്റെ ജനയിതാവായി കരുതപ്പെടുന്ന തോമസ് റോബർട് മാൽത്തൂസിന്റെ ഈ സിദ്ധാന്തമനുസരിച്ച് വർത്തമാനകാലത്ത് ചൈനയിലും ഇന്ത്യയിലും ദിനംപ്രതി ജനലക്ഷങ്ങൾ പട്ടിണിയാൽ മരിച്ചുവീഴേണ്ടതാണ്. കാരണം ജനസംഖ്യയിൽ അത്ര മാത്രം വലിയ വർധനവാണ് ഈ രണ്ടു രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ളത്. ഒരുപടി മുന്നോട്ടു പോയി ജനസംഖ്യയിൽ ഇന്ത്യ ചൈനയെ മറികടന്ന് ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു എന്നതാണ് പുതിയ വാർത്ത!

മാൽത്തൂസ് ലോകത്തെ ഭയപ്പെടുത്തിയതല്ല സംഭവിച്ചിരിക്കുന്നത്. ജനസംഖ്യ വർധിച്ചതിനെക്കാൾ ദ്രുതഗതിയിലാണ് ഭക്ഷ്യവിളകളുടെ ഉൽപാദനം വർധിച്ചിച്ചിട്ടുള്ളത്. 1798ലാണ് മാൽത്തൂസ് തന്റെ സിദ്ധാന്തം പ്രസിദ്ധപ്പെടുത്തിയത്. അക്കാലത്തെ പട്ടിണിയോ പരിവട്ടമോ ഇന്ന് ലോകത്തില്ല എന്നതാണ് വാസ്തവം. ജനസംഖ്യാനിയന്ത്രണ മാർഗങ്ങളൊന്നുമില്ലാതിരുന്ന അക്കാലത്ത് ഭരണകർത്താക്കളെ ഈ സിദ്ധാന്തം വല്ലാതെ ഭയപ്പെടുത്തിയിരുന്നു. ജനപ്പെരുപ്പവും ഭക്ഷ്യദൗർലഭ്യവും കൂടുമ്പോൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരുമെന്നും ക്ഷാമം മൂലം ജനങ്ങൾ ചത്തൊടുങ്ങുമെന്നും അവർ ഭയപ്പെട്ടു.

ജനസംഖ്യ കൂടുമ്പോളല്ല കുറയുമ്പോളാണ് വിഭവങ്ങളുടെ കമ്മിയും പട്ടിണിയും ഉണ്ടാകുന്നത് എന്നതാണ് യാഥാർഥ്യം. ജനസംഖ്യ കുറയുന്നതിലൂടെ അളവിൽക്കൂടുതൽ വരുന്ന വിഭവങ്ങൾ വാങ്ങാനും മാർക്കറ്റ് ചെയ്യാനും ആളില്ലാതാകും. അതോടെ രാജ്യം കയറ്റുമതിയിലേക്ക് തിരിയും. അതോടെ ആഭ്യന്തര ബിസിനസ്സുകൾ നിലംപൊത്തുകയും തൊഴിൽരഹിതർ സൃഷ്ടിക്കപ്പെടുകയും വൈകാതെ അരാജകത്വത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. സർക്കാരിനും ഇതുവഴി നഷ്ടം ഏറെയാണ്. ബിസിനസ്സുകൾ പൊളിയുന്നതോടെ നികുതി വരവും വരുമാനവും കുറയുകയും ചെയ്യും.

ഒരു രാഷ്ട്രത്തിന്റെ ഉന്നമനം ആ രാജ്യത്തെ യുവതയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. യുവജനതയുടെ കുറവ് നവീനമായ ആശയങ്ങൾ ഉയർന്നുവരുന്നത് കുറയ്ക്കുകയും ചെയ്യുന്നു. സൈനികമേഖലയിലും ജനസംഖ്യാനിയന്ത്രണം വഴി പ്രയാസങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

നിർബന്ധിത ജനസംഖ്യാ നിയന്ത്രണം ചൈന എന്ന വമ്പൻ രാഷ്ട്രത്തിന് സമ്മാനിച്ചത് ജനമാന്ദ്യവും അക്രമസംഭവങ്ങളുടെ തോതിലുള്ള വർധനവുമൊക്കെയാണ്. ജനസംഖ്യാ മാന്ദ്യം കാരണത്താലുണ്ടായ സാമ്പത്തിക നഷ്ടം തൊഴിൽ മേഖല മുതൽ ആരോഗ്യ മേഖലവരെ ബന്ധപ്പെട്ടിട്ടുണ്ട്. ചൈനയുടെ സമ്പദ് വ്യവസ്ഥയുടെ തകർച്ച 2027 ആകുമ്പോഴേക്കും പൂർണമാകുമെന്നും ഇപ്പോൾത്തന്നെ ആ രാജ്യം സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നു എന്നും പറയപ്പെടുന്നു.

പ്രകൃതിവിഭവങ്ങളുടെ പരിമിതികളെക്കുറിച്ച് വാചാലമായ മാൽത്തൂസിയൻ ജനസംഖ്യാ സിദ്ധാന്തം അക്ഷരാർഥത്തിൽ പൊള്ളയാണെന്ന് ലോകം തിരിച്ചറിഞ്ഞിരിക്കുന്നു.

ലേഖനം



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 13

# ഖാദിയാനി പ്രവാചകന്റെ 99 നാമങ്ങൾ

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

ഖാദിയാനി പ്രവാചകന്റെ വഹ്‌യുകളിലെ അല്ലാഹുവിനെയും മലക്കുകളെയും നാം പരിചയപ്പെട്ടുവല്ലോ. ഈ 'അല്ലാഹു' തന്റെ പ്രവാചകനെ എന്തൊക്കെ പേരിലാണ് അഭിസംബോധന ചെയ്തതെന്ന് പരിശോധിക്കുന്നതും കൗതുകകരമാണ്.

"ഞാൻ കണ്ടു, അല്ലാഹുവിന്റെ കോടതിയിൽ എന്റെ കേസ് വിളിക്കുവാൻ വേണ്ടി കാത്തിരിക്കുകയാണ് ഞാൻ. അപ്പോൾ 'മിർസാ, അൽപം ക്ഷമിക്കൂ, ഞാനൊന്ന് ഒഴിവാകട്ടെ' എന്ന് പറയുന്നത് കേട്ടു. പിന്നീട് കോടതിയിൽ ജഡ്ജിയുടെ കസേരയിൽ അല്ലാഹു ഇരിക്കുകയാണ്. ഒരു ശിരസ്തദാർ തന്റെ കൈയിലുള്ള കേസ് ഫയൽ സമർപ്പിച്ചു. അതുനോക്കി 'മിർസ ഹാജറുണ്ടോ' എന്ന് ജഡ്ജ് ചോദിച്ചു. ഞാൻ സൂക്ഷിച്ചു നോക്കിയപ്പോൾ അല്ലാഹുവിന്റെ അടുത്തുതന്നെ ഒരു കസേര ഒഴിഞ്ഞുകിടക്കുന്നത് കണ്ടു. എന്നോട് അവിടെ ഇരിക്കാൻ ആംഗ്യം കാണിച്ചു. പിന്നെ ഞാൻ ഉണർന്നു" (പേജ് 102).

പ്രവാചകന്റെ ബാക്കി പേര് മറ്റൊരു വഹ്‌യിലാണ്. അല്ലാഹു വിളിച്ചുവത്രെ: 'അല്ലയോ ഗുലാം അഹ്മദ്, ഇതാ ഒരു സന്തോഷ വാർത്ത!' (പേജ് 423).

ഇതൊരു വിളിച്ചുണർത്തൽ മാത്രമായിരുന്നു. പിന്നെ ഒന്നും ഉരിയാടിയില്ല. വർഷങ്ങളുടെ വ്യത്യാസമുണ്ടെങ്കിലും ഈ രണ്ടു വഹ്‌യുകളിലൂടെ മിർസാ ഖാദി

യാനിയുടെ പേര് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു, മിർസാ ഗുലാം അഹ്മദ് എന്ന്. എന്നാൽ നിയോഗകാലം ഒപ്പിക്കാനായി അല്ലാഹു വിളിച്ച പേര് ഒഴിവാക്കി നാടിന്റെ പേര് കൂട്ടിച്ചേർത്തത് നാം കണ്ടുവല്ലോ. മനസ്സിലാക്കുക, അതാണ് ഖാദിയാനി പ്രവാചകന്റെ മിടുക്ക്!

തദ്കിറയിലെ ഏതാണ്ട് എല്ലാ ദീർഘ സൂക്താവലിയുടെയും ആദ്യസൂക്തത്തിൽ അഹ്മദ് എന്ന് മാത്രമാണ് സംബോധന ചെയ്തിട്ടുള്ളത്. 'അല്ലയോ അഹ്മദ്, അല്ലാഹു നിന്നെ അനുഗ്രഹിച്ചിരിക്കുന്നു' (പേജ് 35).

**ഹജറുൽ അസ്‌വദ്**

എന്നാൽ തദ്കിറയിലെ ആദ്യ സംബോധന 'ബൈതുല്ലാഹ്' എന്നാണ്. അതെ, 'ദൈവിക ഭവനം' എന്ന് തന്നെ: 'അല്ലാഹു ഇൽഹാമുകളിൽ എന്നെ ബൈതുല്ലാഹ് എന്ന് സംബോധന ചെയ്തിരിക്കുന്നു. എതിരാളികൾ അതിനെ തകർക്കാൻ എത്രതന്നെ ശ്രമിച്ചാലും നടക്കില്ല.'

1881ൽ അവതരിച്ച ഇൽഹാം ഇങ്ങനെ: 'ഒരാൾ എന്റെ കാലുകളെ ചുംബിച്ചു. ഞാൻ അവനോട് പറഞ്ഞു: ഞാൻ ഹജറുൽ അസ്‌വദ് ആകുന്നു' (പേജ് 29). ഈ പേർഷ്യൻ വഹ്‌യ് ചില്ലറ മാറ്റത്തോടെയാണ് 1900ൽ രചിച്ച അർബഈനിൽ കൊടുത്തിട്ടുള്ളത്. (വാല്യം 4, പേജ് 15). പള്ളി എന്നും ഹജറുൽ അസ്‌വദ് എന്നുമൊക്കെയാണ് 'അല്ലാഹു' മിർസാക്ക് പേരിട്ടിരിക്കുന്നത്. ഉറക്കത്തിൽ ആരോ കാലിൽ ചുംബിച്ചപ്പോഴാവാം രണ്ടാമത്തെ പേര് മനസ്സിലുദിച്ചത്.

**മർയം, ഇബ്നു മർയം**

"ഈസാ ജനിച്ചപ്പോൾ മർയം വളരെ ദുർബലയായി. അല്ലാഹു എന്നെയും മർയമേ എന്ന് വിളിച്ചു. എനിക്കും വഹ്‌യ് തന്നു: നീ ഈത്തപ്പന പിടിച്ചു കുലുക്കുക. പഴുത്തു പാകമായ ഈത്തപ്പഴം നിനക്ക് വീഴ്ത്തിത്തരും."

"തുടർന്ന് അല്ലാഹു എന്നോട് പറഞ്ഞു: അല്ലയോ ഈസാ, നാം നിനക്ക് പൂർണമായ പ്രതിഫലം നൽകും. എന്നിലേക്ക് ഉയർത്തുകയും ചെയ്യും" (പേജ് 81). 'അങ്ങനെ ഞാൻ ഇബ്നു മർയം ആയി അറിയപ്പെട്ടു.'

"എന്നോടും മർയമിനോടും അല്ലാഹു പറഞ്ഞത് 'നീ പിടിച്ചു കുലുക്കുക' എന്നായിരുന്നു. ഞങ്ങൾ തമ്മിലുള്ള വ്യത്യാസം, മറിയം ശാരീരികമായി ദുർബലയായിരുന്നെങ്കിൽ ഞാൻ സാമ്പത്തിക ക്ലേശത്തിൽ അകപ്പെട്ടിരുന്നു എന്നതത്രെ"(പേജ് 32,33).

ഈ വഹ്‌യുകളിലൂടെ മർയമെന്നും ഇബ്നുമർയമെന്നും സംബോധന ചെയ്തത് നാം കണ്ടു. തുടർന്ന് പറയുന്നു: "ഈ ഇൽഹാമിലൂടെ അല്ലാഹു എന്നെ ഖുർആൻ പഠിപ്പിക്കുകയും ആദ്യവിശ്വാസി എന്ന് വിളിക്കുകയും ചെയ്തു: പറയുക ഞാൻ അല്ലാഹുവിനാൽ നിയുക്തനാകുന്നു. ഏറ്റവുമാദ്യം വിശ്വസിച്ചവനും ഞാനാകുന്നു. എന്നിൽ സത്യത്തിന്റെയും ജ്ഞാനത്തിന്റെയും സമുദ്രം നിറയ്ക്കുകയും നൂറ്റാണ്ടിന്റെ മുജദ്ദിദായി എന്നെ നിയോഗിക്കുകയും ചെയ്തു" (പേജ് 35, ഹാശിയ).

"നിനക്ക് അന്തസ്സുറ്റ സഹായം ഞാൻ ചെയ്തു. സത്യത്തോടുകൂടി ജീവിപ്പിച്ചു. അല്ലയോ സിദ്ദീക്, ഞാൻ നിന്നെ വീണ്ടും സഹായിക്കും" (പേജ് 53).

'അവ്വലുൽ മുഅ്മിനീൻ' എന്നും 'അതീവ സത്യസന്ധൻ' എന്നും തന്നെ അഭിസംബോധന ചെയ്തിരിക്കുന്നു എന്നതാണ് ഖാദിയാനി പ്രവാചകന്റെ വാദം.

**പുനർജനി**

"അല്ലയോ ആദം, നീയും നിന്റെ ഇണയും സ്വർഗത്തിൽ വസിച്ചുകൊള്ളുക. ഹേ മർയം, നീയും നിന്റെ ഇണയും... ഇവിടെ ഈ സംബോധനകൾ കൊണ്ട് ഉദ്ദേശിച്ചത് ഈ വിനീതൻ തന്നെയാണ്. പലപ്പോഴും മൂസാ, ഈസാ, ദാവൂദ്, യഹ്‌യാ എന്നൊക്കെ വിളിച്ചപ്പോഴും ഉദ്ദേശിച്ചത് എന്നെത്തന്നെയാകുന്നു" (പേജ് 55, ഹാശിയ).

താൻ മുൻ പ്രവാചകന്മാരുടെയൊക്കെ അവതാരവും രണ്ടാം നിയോഗവും ആണെന്നും മിർസാ ഖാദിയാനി വാദിക്കുന്നു: "അപ്രകാരം നാം യൂസുഫിന് ഉപകാരം ചെയ്തു. അവനെ തിന്മയിൽനിന്നും ദുഷ്പ്രവർത്തികളിൽ നിന്നും തടഞ്ഞു നിർത്തി.' ഇവിടെ യൂസുഫ് എന്ന് പറഞ്ഞത് ഈ വിനീതനെയാകുന്നു. ആത്മീയതയാണ് പാരസ്പര്യത്തിന് നിദാനം."

**ഖാദിയാനികളുടെ പ്രവാചകനെ, ഒരു കശ്ഫിൽ മൂസയാക്കിയപ്പോൾ അയാൾ ഇസ്രാഈല്യർക്കൊപ്പം നിൽക്കുന്നത് ഈജിപ്തിലെ നൈൽ നദീതീരത്താണ്! മൂസാ നബി(അ)യുടെ ചരിത്രം അയാൾ മനസ്സിലാക്കുന്നത് ബൈബിളിൽനിന്നാണ്. പക്ഷേ, അയാൾ മനസ്സിലാക്കിയ പോലെ ഇല്ലാത്ത ഒരു സംഭവം അല്ലാഹു വഹയ് നൽകുമോ? രണ്ടും ഒരേ അല്ലാഹുവിൽനിന്നുള്ള വചനമാണെങ്കിൽ ഇത്ര വലിയ വൈരുധ്യം കാണാനാകുമോ? ഖാദിയാനികളുടെ പ്രവാചകൻ കള്ളവാദിയാണെന്നതിന് ഒരു തെളിവുകൂടിയാണിത്.**



പിന്നെ പറഞ്ഞു: "അല്ലയോ ദാവൂദ്, അല്ലാഹുവിന്റെ പടപ്പുകളോട് ഗുണകാംക്ഷയോടെയും മൃദുലമായും പെരുമാറുക" (പേജ് 82). അടുത്ത സൂക്തം ഇങ്ങനെ: "ഇബ്‌റാഹീം, നിന്റെ മേൽ രക്ഷയുണ്ടാകട്ടെ. ഇന്നേ ദിവസം നീ നമുക്ക് വലിയ പദവിയിലുള്ള വിശ്വസ്തനും ബുദ്ധിമാനുമായ എന്റെ സുഹൃത്തും ആണ്" (പേജ് 82).

മറ്റൊരു ഇൽഹാം ഇങ്ങനെ: "എന്നെ വിടൂ, ഞാൻ മൂസയെ കൊല്ലട്ടെ!' ഇവിടെ മൂസ എന്നതിന്റെ വിവക്ഷ ഈ വിനീതൻ തന്നെയാകുന്നു. രാത്രി 3മണിക്ക് 20 മിനിറ്റുള്ളപ്പോഴാണ് ഈ സ്വപ്നം. രാവിലെ ബുധനാഴ്ചയായിരുന്നു. അതിന് അല്ലാഹുവിനെ സ്തുതിക്കുന്നു" (പേജ് 169).

എന്താണ് അല്ലാഹുവിനെ സ്തുതിക്കാൻ മാത്രം ബുധനാഴ്ചയുടെ പ്രത്യേകത? ആ!

മറ്റൊരു ദർശനം: 'നൈൽ നദിക്കരയിൽ ബനീ ഇസ്രാഈല്യരോടൊപ്പം നിൽക്കുകയാണ്. ഞാൻ സ്വയം മൂസയാണെന്ന് മനസ്സിലാക്കുന്നു. ഫറോവ സൈന്യസമേതം പിൻതുടരുന്നത് ഞാൻ കണ്ടു. കുതിരപ്പുറത്തും വണ്ടികളിലുമായി ഒരുപാട് സാധന സാമഗ്രികളുമുണ്ട്. ഇതാ അവർ നമ്മുടെ അടുത്തെത്തുകയാണ്. ഇസ്രായേൽ സന്തതികൾ പരിഭ്രാന്തരായി. അവർ ഉറക്കെ നിലവിളിച്ചു: 'മൂസാ, ഞങ്ങൾ പിടിക്കപ്പെട്ടു കഴിഞ്ഞു!'

"അപ്പോൾ ഒരു ഇൽഹാം എന്റെ നാവിൽ തത്തിക്കളിച്ചു: 'എന്റെ രക്ഷിതാവ് കൂടെയുണ്ട്. അവൻ എനിക്ക് വഴി കാണിക്കും.' ഞാൻ ഉണർന്നുപോയി" (പേജ് 373).

**നേരത്തെ പേറ്റുനോവിന്റെ സമയത്ത് മൗലവിമാരെ ഈത്തപ്പന എന്നാണ് വഹ്‌യിൽ പറഞ്ഞത്. മറ്റൊരിടത്ത് ദാബ്ബത്തുൽ അർദാണ് മൗലാനമാർ! ഇതൊക്കെ സമന്വയിക്കാനാവുമോ അനുയായികൾക്ക്? സ്വപ്നങ്ങളിലും ദർശനങ്ങളിലും മാത്രമുള്ള ഖിലാഫത്തും സുൽത്താൻ പട്ടവും എങ്ങനെയാണ് മറ്റുള്ളവർക്ക് തകർക്കാൻ ആവുക?**

ഈ ഒരു 'വഹ്‌യ്' മാത്രം മതി ഖാദിയാനികളുടെ പ്രവാചകന് വഹ്‌യ് നൽകുന്നത്, മുഹമ്മദ് നബി(സ്വ) ക്ക് വിശുദ്ധ ക്വുർആൻ അവതരിപ്പിച്ച അല്ലാഹു അല്ല, മിർസയുടെ പ്രൈവറ്റ് റബ്ബായ 'യലാശ്' ആണെന്ന് മനസ്സിലാക്കാൻ.

മൂസാ നബി(അ) ഇസ്രാഈല്യരെ ഫിർഔനിൽ നിന്ന് മോചിപ്പിച്ച് സീനാ മരുഭൂമിയിലേക്ക് പലായനം ചെയ്യുകയും അവരെ ഫിർഔനും കൂട്ടരും പിന്തുടരുകയും ചെയ്തു. അവർ ചെങ്കടലിനടുത്തെത്തി. മുമ്പിൽ സമുദ്രവും പിന്നിൽ ആർത്തലച്ചു വരുന്ന സൈന്യവും! നിർണായകമായ സമയത്ത് തന്റെ വടികൊണ്ട് സമുദ്രത്തിൽ അടിക്കാൻ അല്ലാഹു കൽപിക്കുകയും കടൽ പിളർന്ന് വഴിയുണ്ടാവുകയും അതിലൂടെ മൂസാ(അ)യും ഇസ്രാഈൽ സന്തതികളും രക്ഷപ്പെടുകയും ചെയ്തു എന്നാണ് വിശുദ്ധ ക്വുർആന്റെ പാഠം.

ഇവിടെ പക്ഷേ, ഖാദിയാനികളുടെ പ്രവാചകനെ, ഒരു കശ്ഫിൽ മൂസയാക്കിയപ്പോൾ അയാൾ ഇസ്രാഈല്യർക്കൊപ്പം നിൽക്കുന്നത് ഈജിപ്തിലെ നൈൽ നദീതീരത്താണ്! മൂസാ നബി(അ)യുടെ ചരിത്രം അയാൾ മനസ്സിലാക്കുന്നത് ബൈബിളിൽനിന്നാണ്. പക്ഷേ, അയാൾ മനസ്സിലാക്കിയ പോലെ ഇല്ലാത്ത ഒരു സംഭവം അല്ലാഹു വഹയ് നൽകുമോ? രണ്ടും ഒരേ അല്ലാഹുവിൽനിന്നുള്ള വചനമാണെങ്കിൽ ഇത്ര വലിയ വൈരുധ്യം കാണാനാകുമോ? ഖാദിയാനികളുടെ പ്രവാചകൻ കള്ളവാദിയാണെന്നതിന് ഒരു തെളിവുകൂടിയാണിത്.

"അല്ലയോ യഹ്‌യാ, ഈ പുസ്തകം മുറുകെപ്പിടിക്കുക. ഭയപ്പെടാതെ നീ ഇത് പിടിച്ചുകൊള്ളുക. 1884 ഫെബ്രുവരിയിലാണ് ഈ വഹ്‌യ് അവതരിച്ചത്' (പേജ് 96).

മുഹമ്മദ് നബി(സ്വ)ക്ക് മുമ്പ് വന്ന പ്രവാചകന്മാരാണ് ഇവരൊക്കെയും. പക്ഷേ, വിശുദ്ധ ക്വുർആനിൽ ഒരിടത്തുപോലും അവരിൽ ആരുടെയും പേരുകൾ കൊണ്ട്

മുഹമ്മദ് നബിയെ സംബോധന ചെയ്തിട്ടില്ല. പുനർജന്മവും അവതാരവും കൂടുവിട്ടു കൂടുമാറലുമൊക്കെ ഇസ്‌ലാമിന് അന്യമായതുകൊണ്ടായിരിക്കാം അത്.

**അവതാരം**

1906ൽ അവതരിച്ച വഹ്‌യ് ഇങ്ങനെയാണ്: "ദൈവം പ്രത്യക്ഷപ്പെടാൻ പോവുകയാണ്. നീ എനിക്ക് എന്റെ അവതാരം പോലെയാകുന്നു. അഥവാ നിന്റെ പ്രത്യക്ഷഭാവം ഞാൻ അവതരിക്കുന്നത് പോലെ തന്നെയായിരിക്കും എന്നർഥം" (പേജ് 516). അല്ലാഹു സ്വയം ഖാദിയാനിൽ താനായി അവതരിച്ചതാണെന്ന് മിർസാ ഖാദിയാനി വാദിക്കുന്നു!

**മീകാഈൽ**

"ചില പ്രവാചകന്മാർ എന്നെ മലക്ക് എന്ന് പരാമർശിച്ചിട്ടുണ്ട്. ദാനിയേൽ പ്രവാചകന്റെ ഗ്രന്ഥത്തിൽ എന്നെ മീകാഈൽ എന്നാണ് പറഞ്ഞത്. ഹിബ്രു ഭാഷയിൽ ഈ പദത്തിന് 'ദൈവത്തെപ്പോലെ' എന്നാണ് അർഥം" (പേജ് 351).

സുദീർഘമായ ഒരു സൂക്താവലിയുടെ മുപ്പത്തിനാലാം വാക്യം ഇങ്ങനെ: 'അല്ലയോ അബ്ദുൽഖാദിർ, ഞാൻ നിന്റെ കൂടെയുണ്ട്. ഞാൻ കേൾക്കുന്നുണ്ട്, കാണുന്നുമുണ്ട്' (പേജ് 72),

**സേനാനായകൻ**

"ഒരിക്കൽ ജാഗ്രദ് ദർശനത്തിൽ ഒരു ശബ്ദം കേട്ടു: 'വിജയത്തിന്റെ പെരുമ്പറ മുഴങ്ങട്ടെ.' തുടർന്ന് ഇൽഹാം അവതരിച്ചു: 'നോക്കൂ, നിന്റെ ഈ ഫോട്ടോ കണ്ടില്ലേ? എന്തുപറയുന്നു? അല്ലാഹുവിന്റെ സിംഹമാണ്. ഞാൻ നോക്കിയപ്പോൾ കണ്ടത് ഈ വിനീതന്റെ തന്നെ ഫോട്ടോയാണ്. ആയുധവിഭൂഷിതനും വിജയശ്രീലാളിതനുമായ സേനാനായകൻ! വീണ്ടും ഇൽഹാം: 'ഹുജ്ജത്തുല്ലാ ഖാദിർ സുൽത്താൻ അഹ്‌മദ് മുഖ്താർ" (പേജ് 116,117).

**ഗവർണർ ജനറൽ**

അടുത്ത ഇൽഹാമിൽ സേനാനായകനെ ഗവർണർ ജനറൽ ആയി വാഴിക്കുകയാണ് യലാശ്!

"സുവിശേഷകൻ ഒരിക്കലും അധഃപതിക്കയില്ല. ഗവർണർ ജനറലിന്റെ പ്രവചനങ്ങൾ പുലരാൻ സമയമായിരിക്കുന്നു" (പേജ് 285).

അടിക്കുറിപ്പിൽ പറയുന്നു: 'നീതിമാനായ ഭരണാധികാരി എന്നാണല്ലോ നമ്മെപ്പറ്റി പറഞ്ഞിട്ടുള്ളത്. അതിന്റെ ഇംഗ്ലീഷ് ഭാഷാന്തരമാണ് ഗവർണർ ജനറൽ.'

നീതിമാനായ ഭരണാധികാരി എന്ന ഈസാ നബി(അ)യെക്കുറിച്ചുള്ള ഹദീസിലെ പരാമർശത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. നമുക്കൊക്കെ അറിയാവുന്ന പോലെ ഒരു 'വത്തിക്കാന്റെ' പോലും ഭരണാധികാരിയാവാൻ മിർസക്ക് സാധിച്ചിട്ടില്ല. സ്വന്തം ആഗ്രഹങ്ങളാണ്, അല്ലാഹുവിന്റെ വഹ്‌യുകൾ എന്ന നിലക്ക് അദ്ദേഹം സമർപ്പിക്കുന്നത്. അല്ലാഹു ഗവർണർ ജനറലിനോട് വിളിച്ചു പറഞ്ഞെങ്കിലും പ്രവചനങ്ങൾ പുലരാൻ ഒരിക്കലും സമയം ആയിട്ടില്ല എന്നാണ് ചരിത്രത്തിന്റെ പാഠം.

**അലി മുർതസ**

1892 ഡിസംബർ 7: 'ഞാൻ സ്വയം അലി മുർതസയായി കണ്ടു. സ്വപ്നത്തിൽ മറ്റൊരാളെ ഞാനായി മനസ്സിലാക്കുകയാണ്. സംഭവം ഇതാണ്: ഖവാരിജുകൾ എന്റെ ഖിലാഫത്തിനെ മറിച്ചിടാനായി ഉപജാപങ്ങൾ മെനയുകയാണ്. അപ്പോൾ അങ്ങേയറ്റം വാത്സല്യത്തോടെ മുഹമ്മദ് നബി(സ്വ) എന്നോട് പറഞ്ഞു: 'അല്ലയോ അലി, അവരെയും അവരുടെ സഹായികളെയും അവരുടെ കൃഷിയേയും നീ വിട്ടുകളയുക.' പിന്നെയും ഞാൻ നബി (സ്വ) പറയുന്നതായി കേട്ടു: 'നീ സത്യത്തിൽ തന്നെയാണ്. മറ്റുള്ളവരുമായി തർക്കിക്കാതിരിക്കുന്നതാണ് നല്ലത്.'

'ഇവിടെ കൃഷികൊണ്ട് ഉദ്ദേശിച്ചത് മൗലവിമാരുടെയും പീറുമാരുടെയും സംഘമാണ്" (പേജ് 169).

വിശദീകരണം കാടുകയറുന്നു. നേരത്തെ പേറ്റുനോവിന്റെ സമയത്ത് മൗലവിമാരെ ഈത്തപ്പന എന്നാണ് വഹ്‌യിൽ പറഞ്ഞത്. മറ്റൊരിടത്ത് ദാബ്ബത്തുൽ അർദാണ് മൗലാനമാർ! ഇതൊക്കെ സമന്വയിക്കാനാവുമോ അനുയായികൾക്ക്? സ്വപ്നങ്ങളിലും ദർശനങ്ങളിലും മാത്രമുള്ള ഖിലാഫത്തും സുൽത്താൻ പട്ടവും എങ്ങനെയാണ് മറ്റുള്ളവർക്ക് തകർക്കാൻ ആവുക? മറ്റൊരിക്കൽ അല്ലാഹു മിർസയെ വിളിച്ചത് 'അലി ബാസിൽ' എന്നായിരുന്നു. അതിന്റെ അർഥം ധീരനായ അലി എന്നാണത്രെ! (പേജ് 423).

**പേനയും വാളും**

'അല്ലാഹു ഈ വിനീതന് 'സുൽത്താനുൽ ഖലം' എന്ന പേരു വച്ചു; എന്റെ പേനക്ക് 'ദുൽഫുഖാർ അലി' എന്നും'(പേജ് 333). പേനയുടെ ചക്രവർത്തി എന്നർഥം. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ഇത്രയും മഹത്തായ കാര്യങ്ങൾ എഴുതാൻ കഴിയുന്ന മഹാനായ എഴുത്തുകാരൻ എന്ന്!

"വലിയ്യിന്റെ പുസ്തകം അലിയുടെ വാൾ പോലെയാണ്.' അതായത് ശത്രുക്കളെ നാമാവശേഷമാക്കുന്നത്. തീക്ഷ്ണമായ യുദ്ധങ്ങളിൽ അലിയുടെ വാൾ ശത്രുക്കളെ അരിഞ്ഞുവീഴ്ത്തിയത് പോലെ എന്റെ ഈ ഗ്രന്ഥവും മഹത്തായ വിസ്മയങ്ങൾ തീർക്കും. ബറാഹീനെ അഹ്‌മദിയ്യയുടെ മഹത്തായ സ്വാധീനവും അത്ഭുതകരമായ സ്വീകാര്യതയുമാണ് ഇത് തെളിയിക്കുന്നത്" (പേജ് 58).

'അലിയുടെ ദുൽഫുഖാർ എന്നതുകൊണ്ട് ഈ വിനീതനെയാണ് ഉദ്ദേശിച്ചത്. അതേപോലെ പലപ്പോഴും എന്നെ ഗാസി എന്നും അഭിസംബോധന ചെയ്തിട്ടുണ്ട്' (പേജ് 58, അടിക്കുറിപ്പ്).

ആദ്യം പറഞ്ഞത് ദുൽഫുഖാർ അലി എന്നത് തന്റെ പേനയുടെ പേരാണ് എന്നായിരുന്നു. ഇപ്പോൾ തന്റെ പേരാണെന്ന് മാറ്റിപ്പറയുന്നു. എല്ലാം 'യലാശിന്റെ വചനങ്ങൾ' തന്നെ!

**(തുടരും)**



# ഇസ്‌ലാമും ധാർമിക മൂല്യങ്ങളും

**ഉസ്മാൻ പാലക്കാഴി**
: 9656 292 244

**ചാക്രികമായ ആചാരനുഷ്ഠാനങ്ങളുടെ സംഘാതം മാത്രമല്ല ഇസ്‌ലാമിക മൂല്യസങ്കൽപം. മറിച്ച്, ജീവിതത്തിന്റെ നിഖില മേഖലകളിലും സ്രഷ്ടാവിനെ കേന്ദ്രസ്ഥാനത്ത് നിർത്തിയുള്ള ജീവിതശൈലി രൂപപ്പെടുത്തുന്നതിലൂടെ മാത്രമെ അതിന്റെ പൂർണത പ്രാപിക്കുകയുള്ളൂ. അതുതന്നെയാണ് ഇസ്‌ലാമിക ധാർമിക മൂല്യങ്ങളുടെ വ്യതിരിക്തതയും.**

നബി(സ്വ)പറയുന്നു: “അല്ലാഹുവിന്റെ അതിർവരമ്പുകൾ പാലിക്കുകയും അവ അതിലംഘിക്കുകയും ചെയ്യുന്നവരുടെ ഉപമ ഒരു കപ്പൽ യാത്രക്കാരുടേതുപോലെയാണ്. രണ്ടു തട്ടുള്ള കപ്പലിൽ യാത്രക്ക് ഒരുങ്ങിയപ്പോൾ അവർ നറുക്കിട്ടു. അങ്ങനെ ചിലർ മുകളിലെ തട്ടിലും മറ്റു ചിലർ താഴെ തട്ടിലുമായി. താഴെ തട്ടിലുള്ളവർക്ക് കുടിവെള്ളം ലഭിക്കണമെങ്കിൽ മുകളിൽ കയറിപ്പോകണമായിരുന്നു. അങ്ങനെയിരിക്കെ അവരിൽ ചിലർ പറഞ്ഞു: ‘നമുക്ക് നമ്മുടെ ഈ ഭാഗത്ത് എവിടെയെങ്കിലും ഒരു ദ്വാരമുണ്ടാക്കിയാൽ മുകളിലുള്ളവരെ ബുദ്ധിമുട്ടിക്കാതിരിക്കാമല്ലോ.’ നബി(സ്വ) തുടരുന്നു: ‘നിങ്ങൾ അവരെ അവരുടെ തീരുമാനവുമായി വിടുകയാണെങ്കിൽ നിങ്ങളെല്ലാവരും നശിക്കും. നിങ്ങൾ അവരുടെ കൈക്ക് പിടിച്ച് വിലക്കുകയാണെങ്കിലോ അവരും നിങ്ങളും എല്ലാവരും രക്ഷപ്പെടുകയും ചെയ്യും”(ബുഖാരി).

ഇസ്‌ലാം ധാർമിക, സദാചാര മൂല്യങ്ങളിൽ അധിഷ്ഠിതമായ മതമാണ്. ഉത്തമമായ എല്ലാ സ്വഭാവഗുണങ്ങളും അത് പഠിപ്പിക്കുന്നു. ഇസ്‌ലാം മാന



വികമായ എല്ലാ ഗുണങ്ങളെയും ഉൾക്കൊള്ളുന്നു. അമാനവികമായ എല്ലാ ദുർഗുണങ്ങളെയും നിരാകരിക്കുന്നു. മനുഷ്യാവകാശങ്ങളെ അത് മാനിക്കുന്നു. നീതി പാലിക്കുവാനും അക്രമത്തിന്റെ പാത വെടിയുവാനും കൽപിക്കുന്നു.

നാം ജീവിക്കുന്ന സമൂഹത്തിൽ നിരവധി തിന്മകളും അധർമങ്ങളും കണ്ടുവരുന്നു. ദൈവത്തിനുമാത്രം അവകാശപ്പെട്ട ആരാധനകൾ ദൈവേതരർക്ക് അർപ്പിക്കപ്പെടുന്നു. അഴിമതി, അക്രമം, സ്വജനപക്ഷപാതം, ചൂഷണം, പിടിച്ചുപറി, മദ്യപാനം, വ്യഭിചാരം... തുടങ്ങി ദൈവവും ദൈവദൂതനും വിലക്കിയ പലതും ഇവിടെ അരങ്ങുതകർക്കുന്നതായി നാം കാണുന്നു. ഇവയൊക്കെ അക്രമവും അധർമവുമാണെന്നറിഞ്ഞിട്ടും അവയ്ക്കെതിരെ പ്രതികരിക്കാതിരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് ഞാൻ അതിലൊന്നിലും പങ്കു ചേരുന്നില്ലല്ലോ എന്ന ചിന്തയാണ്. ഒരുവേള ഇത്തരം അധർമങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ പ്രതികരിക്കുന്നവരോട് ഐക്യപ്പെടുവാനോ അനുകൂലിക്കുവാനോ പോലും തയാറാകാതെ 'എന്തിനാ നിങ്ങൾ കുഴപ്പമുണ്ടാക്കുന്നത്? അവരെ അവരുടെ പാട്ടിന് വിട്ടേക്കൂ. അതിന്റെ വരുംവരായ്കകൾ അവർ തന്നെ അനുഭവിച്ചുകൊള്ളുമല്ലോ' എന്നും പറഞ്ഞേക്കാം.

നമ്മെയും നേരിട്ട് ബാധിക്കാത്ത തെറ്റ്, ചെയ്യുന്ന വ്യക്തിയിൽ മാത്രം ഒതുങ്ങിനിൽക്കുമെന്ന് നാം കണക്കു കൂട്ടുന്നു. എന്നാൽ വസ്തുത അങ്ങനെയല്ല. അല്ലാഹു പറയുന്നു: "ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽനിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 8:25).

വിശ്വാസം ഒരുവഴിക്കും ജീവിതം മറ്റൊരു വഴിക്കും എന്നല്ല ഇസ്‌ലാം പഠിപ്പിക്കുന്നത്. മറിച്ച് സത്യവിശ്വാസത്തിന്റെ സ്വാഭാവിക ഉൽപന്നമായ ധാർമികതയുടെ പാതയിലൂടെയാണ് ജീവിതം നയിക്കേണ്ടത്.

**ഇസ്‌ലാം ധാർമിക, സദാചാര മൂല്യങ്ങളിൽ അധിഷ്ഠിതമായ മതമാണ്. ഉത്തമമായ എല്ലാ സ്വഭാവഗുണങ്ങളും അത് പഠിപ്പിക്കുന്നു. ഇസ്‌ലാം മാനവികമായ എല്ലാ ഗുണങ്ങളെയും ഉൾക്കൊള്ളുന്നു. അമാനവികമായ എല്ലാ ദുർഗുണങ്ങളെയും നിരാകരിക്കുന്നു. മനുഷ്യാവകാശങ്ങളെ അത് മാനിക്കുന്നു. നീതി പാലിക്കുവാനും അക്രമത്തിന്റെ പാത വെടിയുവാനും കൽപിക്കുന്നു. വിശ്വാസം ഒരുവഴിക്കും ജീവിതം മറ്റൊരു വഴിക്കും എന്നല്ല ഇസ്‌ലാം പഠിപ്പിക്കുന്നത്. മറിച്ച് സത്യവിശ്വാസത്തിന്റെ സ്വാഭാവിക ഉൽപന്നമായ ധാർമികതയുടെ പാതയിലൂടെയാണ് ജീവിതം നയിക്കേണ്ടത്.**

പ്രാർഥനയും സ്വഭാവ നൈർമല്യവും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട് അല്ലാഹു പറയുന്നു: “താഴ്മയോടുകൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു” (ക്വുർആൻ 7:55,56).

വിശ്വാസ ഭംഗത്തിന്റെയും അധാർമികതയുടെയും വിവിധ വശങ്ങൾ പ്രതിപാദിച്ചുകൊണ്ട് അല്ലാഹു പറയുന്നു: “അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടു തന്നെ, ആളുകളുടെ സ്വത്തുക്കളിൽനിന്ന് വല്ലതും അധാർമികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്” (2:188).

“വിശ്വസിച്ചേൽപിക്കപ്പെട്ട സ്വത്തുക്കൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തുവീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പ് കൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്...” (4:58).


കച്ചവട രംഗത്ത് പാലിക്കേണ്ട ധാർമികതയെക്കുറിച്ച് അല്ലാഹു ഉണർത്തുന്നു: “നിങ്ങൾ അളന്നു കൊടുക്കുകയാണെങ്കിൽ അളവ് നിങ്ങൾ തികച്ചുകൊടുക്കുക. ശരിയായ തുലാസുകൊണ്ട് നിങ്ങൾ തൂക്കികൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യഫലത്തിൽ ഏറ്റവും മെച്ചമായിട്ടുള്ളതും” (17:35).

**സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു''**
(49:12).

“നിങ്ങൾ അളവു പൂർത്തിയാക്കികൊടുക്കുക. നിങ്ങൾ (ജനങ്ങൾക്ക്) നഷ്ടമുണ്ടാക്കുന്നവരുടെ കൂട്ടത്തിലാകരുത്. കൃത്രിമമില്ലാത്ത തുലാസുകൊണ്ട് നിങ്ങൾ തൂക്കുക. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ നിങ്ങൾ കമ്മിവരുത്തരുത്. നാശകാരികളായിക്കൊണ്ട് നിങ്ങൾ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കരുത്” (26:181-183).

ധാർമികബോധത്തിന്റെ ഉദാത്തശീലങ്ങൾ ജനങ്ങളിലങ്കുരിപ്പിക്കാനായി ക്വുർആൻ നടത്തുന്ന പ്രബോധനം നോക്കുക: “തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽനിന്നും ദുരാചാരത്തിൽനിന്നും അതിക്രമത്തിൽ നിന്നുമാണ്...” (16:90).

ദാനധർമങ്ങൾക്ക് ഇസ്‌ലാമിൽ അതിമഹത്തായ സ്ഥാനമാണുള്ളത്. എന്നാൽ അതിന്റെ പ്രതിഫലം ലഭിക്കണമെങ്കിൽ ചില ധാർമിക മര്യാദകൾ പാലിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞുകൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ,



ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്...''(2:264).

നിഷ്കപടവും നിഷ്കളങ്കവുമായ ഹൃദയത്തോടുകൂടി ചെയ്യുന്ന സഹായം മാത്രമെ യഥാർഥ ധർമമാവുകയുള്ളൂ എന്ന് സാരം.

ഒരു സമൂഹത്തിന്റെ ഭാഗമായി ജീവിക്കുമ്പോൾ ആളുകളിൽനിന്ന് നമുക്ക് ഇഷ്ടമില്ലാത്ത പെരുമാറ്റവും സംസാരവുമൊക്കെ നേരിടേണ്ടിവന്നേക്കാം. ആ സമയത്ത് ധാർമികബോധമുള്ള വിശ്വാസിയുടെ നിലപാട് എങ്ങനെയായിരിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്:

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു'' (41:34).

മറ്റുള്ളവരുടെ കുറ്റവും കുറവും ചികഞ്ഞ് നടക്കുകയും അത് സമൂഹത്തിൽ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് അധാർമിക പ്രവർത്തനമാണ്, വലിയ തിന്മയാണ്:

"സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു'' (49:12).

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്'' (17:36).

> **ആരെയും അക്രമിക്കാതിരിക്കലും അക്രമിയെ അക്രമത്തിൽനിന്ന് പിന്തിരിപ്പിക്കലും സത്യവിശ്വാസിയുടെ സ്വഭാവമായിരിക്കണം. 'നിന്റെ സഹോദരൻ അക്രമിയോ മർദിതനോ ആയാലും നീ അവനെ സഹായിക്കണം' എന്ന് നബി (സ്വ) പറഞ്ഞപ്പോൾ അനുചരന്മാരിൽ ചിലർ ചോദിച്ചു: 'നബിയേ, മർദിതനെ സഹായിക്കണമെന്നു പറഞ്ഞത് മനസ്സിലായി. എന്നാൽ അക്രമിയെ എങ്ങനെയാണ് സഹായിക്കുക?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അക്രമിയായ സഹോദരനെ അക്രമത്തിൽനിന്നും പിന്തിരിപ്പിക്കലാണത്' (ബുഖാരി). ഏതെങ്കിലും തരത്തിലുള്ള വൈരാഗ്യമോ വിദ്വേഷമോ ഒരു വിഭാഗത്തോട് അനീതി കാണിക്കുവാൻ പ്രേരിപ്പിച്ചുകൂടാ എന്നാണ് ക്വുർആനിന്റെ ആഹ്വാനം**

"...നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക. അതൊരു ബന്ധുവിന്റെ കാര്യത്തിലായിരുന്നാൽ പോലും...'' (6:152).

'ആരെങ്കിലും ഒരു കുട്ടിയെ ഒരു സാധനം കൊടുക്കാമെന്ന് പറഞ്ഞ് വിളിച്ചു വരുത്തി കൊടുക്കാതിരുന്നാൽ അതൊരു നുണപറച്ചിലായി' (അഹ്മദ്). ജനങ്ങളെ ചിരിപ്പിക്കാനായിട്ടാണെങ്കിലും നുണ പറയുന്നത് ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്.

വിശുദ്ധ കുർആൻ നന്മ ചെയ്യാൻ പ്രേരിപ്പിക്കുകയും അധർമത്തിൽ പരസ്പരം സഹായിക്കുന്നത് വിലക്കുകയും ചെയ്യുന്നു: "നന്മയിലും ധർമനിഷ്ഠയിലും നിങ്ങൾ പരസ്പരം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ പരസ്പരം സഹായിക്കരുത്'' (5:2).

വ്രതത്തെ സംബന്ധിച്ചിടത്തോളം അനുഷ്ഠാനപരതയെക്കാൾ പ്രധാനം അതിന്റെ ധാർമികമാനമാണെന്ന് വ്യക്തമാക്കിക്കൊണ്ട് നബി(സ്വ) പറഞ്ഞു: 'സത്യവിരുദ്ധമായ വാക്കും തദനുസൃതമായ പ്രവർത്തനവും ഉപേക്ഷിക്കാൻ തയ്യാറില്ലെങ്കിൽ ആഹാരപാനീയങ്ങൾ വെടിയുന്നതുകൊണ്ട് അല്ലാഹുവിന് ഒരാവശ്യവുമില്ല' (അബൂദാവൂദ്).

നബി(സ്വ) പറഞ്ഞു: 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ' (ബുഖാരി).

ആരെയും അക്രമിക്കാതിരിക്കലും അക്രമിയെ അക്രമത്തിൽനിന്ന് പിന്തിരിപ്പിക്കലും സത്യവിശ്വാസിയുടെ സ്വഭാവമായിരിക്കണം. 'നിന്റെ സഹോദരൻ അക്രമിയോ മർദിതനോ ആയാലും നീ അവനെ സഹായിക്കണം' എന്ന് നബി (സ്വ) പറഞ്ഞപ്പോൾ അനുചരന്മാരിൽ ചിലർ ചോദിച്ചു: 'നബിയേ, മർദിതനെ സഹായിക്കണമെന്നു പറഞ്ഞത് മനസ്സിലായി. എന്നാൽ അക്രമിയെ എങ്ങനെയാണ് സഹായിക്കുക?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അക്രമിയായ സഹോദരനെ അക്രമത്തിൽനിന്നും പിന്തിരിപ്പിക്കലാണത്' (ബുഖാരി).

ഏതെങ്കിലും തരത്തിലുള്ള വൈരാഗ്യമോ വിദ്വേഷമോ ഒരു വിഭാഗത്തോട് അനീതി കാണിക്കുവാൻ പ്രേരിപ്പിച്ചുകൂടാ എന്നാണ് ക്വുർആനിന്റെ ആഹ്വാനം:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്നു വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു

**മനുഷ്യരിൽ എക്കാലത്തും ഏറിയും കുറഞ്ഞും നിലനിൽക്കുന്ന ഒന്നാണ് അഹന്ത. സ്വന്തം ശേഷിയുടെ ഭാഗമെന്ന് കാണുന്ന ഏതിന്റെ പേരിലും അഹങ്കരിക്കുവാനുള്ള ത്വര മനുഷ്യരിലുണ്ട്. മനുഷ്യനിൽ ആത്മീയ വളർച്ചക്ക് തടസ്സമായി നിൽക്കുന്ന അധാർമികതയുടെ മാലിന്യങ്ങളെ വിപാടനം ചെയ്യുന്നതിന് ആവശ്യമായ മാർഗദർശനം നൽകുന്ന ക്വുർആൻ ഇത്തരം തിന്മകളുടെ ദോഷവശങ്ങൾ എടുത്തുകാട്ടി വിമർശിക്കുകയും അത്തരം വിമർശനങ്ങളിലൂടെ മനുഷ്യരിൽ പരിവർത്തനമുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അഹന്തയുടെ കൊടുമുടിയിൽ വിരാജിച്ച ഫിർഔനിന്റെയും പരിവാരങ്ങളുടെയും കഥ വിശുദ്ധ ക്വുർആൻ സവിസ്തരം പറയുന്നുണ്ട്. അവരുടെ നാശത്തിൽനിന്ന് പാഠമുൾക്കൊള്ളാനും ക്വുർആൻ ആവശ്യപ്പെടുന്നു.**

ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെകുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (5:8).

ധർമവും അധർമവും നീതിയും അനീതിയും നോക്കാതെയുള്ള അന്ധമായ എതിർപ്പും പോരാട്ടവുമെല്ലാം ഇസ്‌ലാമിക വിരുദ്ധമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

മനുഷ്യരിൽ എക്കാലത്തും ഏറിയും കുറഞ്ഞും നിലനിൽക്കുന്ന ഒന്നാണ് അഹന്ത. സ്വന്തം ശേഷിയുടെ ഭാഗമെന്ന് കാണുന്ന ഏതിന്റെ പേരിലും അഹങ്കരിക്കുവാനുള്ള ത്വര മനുഷ്യരിലുണ്ട്. മനുഷ്യനിൽ ആത്മീയ വളർച്ചക്ക് തടസ്സമായി നിൽക്കുന്ന അധാർമികതയുടെ മാലിന്യങ്ങളെ വിപാടനം ചെയ്യുന്നതിന് ആവശ്യമായ മാർഗദർശനം നൽകുന്ന ക്വുർആൻ ഇത്തരം തിന്മകളുടെ ദോഷവശങ്ങൾ എടുത്തുകാട്ടി വിമർശിക്കുകയും അത്തരം വിമർശനങ്ങളിലൂടെ മനുഷ്യരിൽ പരിവർത്തനമുണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

"തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു. അവനെ പിടികൂടാൻ ആർക്കും സാധിക്കുകയേ ഇല്ലെന്ന് അവൻ വിചാരിക്കുന്നുണ്ടോ? അവൻ പറയുന്നു-ഞാൻ മേൽക്കുമേൽ ധനം തുലച്ചിരിക്കുന്നു എന്ന്. അവൻ വിചാരിക്കുന്നുണ്ടോ അവനെ ആരും കണ്ടിട്ടില്ലെന്ന്? അവന് നാം രണ്ടു കണ്ണുകളും ഒരു നാവും രണ്ടു ചുണ്ടുകളും ഉണ്ടാക്കിക്കൊടുത്തിട്ടില്ലേ?" (90:4-9).

"നിങ്ങൾ ശവകുടീരങ്ങൾ സന്ദർശിക്കുന്നതുവരേക്കും പരസ്പരം പെരുമ നടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു. നിസ്സംശയം നിങ്ങൾ, വഴിയെ അറിഞ്ഞുകൊള്ളും. പിന്നെയും നിസ്സംശയം നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും..." (102:1-4).

കടുത്ത ശിക്ഷക്ക് വിധേയരായ നൂഹ് നബി(അ)യുടെ ജനതയുടെ അഹന്തയെത്തെക്കുറിച്ച് ക്വുർആൻ പറയുന്നു: "(നൂഹ്(അ) പറഞ്ഞു:) തീർച്ചയായും, നീ അവർക്ക് പൊറുത്തുകൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽ വെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും അവർ ശഠിച്ചു നിൽക്കുകയും കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്" (71:7).

അഹന്തയുടെ കൊടുമുടിയിൽ വിരാജിച്ച ഫിർഔനിന്റെയും പരിവാരങ്ങളുടെയും കഥ വിശുദ്ധ ക്വുർആൻ സവിസ്തരം പറയുന്നുണ്ട്. അവരുടെ നാശത്തിൽനിന്ന് പാഠമുൾക്കൊള്ളാനും ക്വുർആൻ ആവശ്യപ്പെടുന്നു.

കർമങ്ങളുടെ സൂക്ഷ്മവും കൃത്യവുമായ വിചാരണയെപ്പറ്റിയും വിലയിരുത്തലിനെപ്പറ്റിയും പരാമർശിക്കുന്ന ക്വുർആൻ വചനങ്ങൾ നന്മയുടെ വിവിധ വശങ്ങളെ മനുഷ്യനിലനിൽപിനുള്ള ഉദാത്തമായ മൂല്യങ്ങളായി പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. ദരിദ്രരെ സഹായിക്കൽ, സഹായം ആവശ്യമുള്ളവർക്ക് സഹായം ചെയ്യൽ, ബലഹീനരെയും നിരാലംബരെയും സംരക്ഷിക്കൽ, അനാഥ സംരക്ഷണം എന്നിങ്ങനെയുള്ള പല കാര്യങ്ങളും ഉൽകൃഷ്ട സൽകർമങ്ങളായി ക്വുർആൻ പരിചയപ്പെടുത്തുന്നു.

സാധുക്കളോടും ദുർബലരോടുമുള്ള പെരുമാറ്റത്തിൽ ഏതെങ്കിലും തരത്തിലുള്ള അനിഷ്ടം പ്രകടിപ്പിക്കുന്നത് ക്വുർആൻ കടുത്തഭാഷയിൽ എതിർക്കുന്നുണ്ട്. എല്ലാ ദൂതൻമാരും പിന്തുടർന്നു വന്നിരുന്ന മാനുഷിക മൂല്യങ്ങളുടെ ശ്രേണിയിൽ വരുന്ന കാര്യമാണ് അബലരെയും അശക്തരെയും അവരർഹിക്കുംവിധം പരിഗണിക്കുക എന്നത്. അല്ലാഹു പറയുന്നു:

"എന്നാൽ അവനെ (മനുഷ്യനെ) അവൻ പരീക്ഷിക്കുകയും എന്നിട്ടവന്റെ ഉപജീവനം ഇടുങ്ങിയതാക്കുകയും ചെയ്താൽ അവൻ പറയും: എന്റെ രക്ഷിതാവ് എന്നെ അപമാനിച്ചിരിക്കുന്നു എന്ന്. അല്ല! പക്ഷേ, നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല. പാവപ്പെട്ടവന്റെ ആഹാരത്തിന് നിങ്ങൾ പ്രോത്സാഹനം നൽകുന്നുമില്ല. അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരിക്കൂട്ടി തിന്നുകയും ചെയ്യുന്നു. ധനത്തെ

നിങ്ങൾ അമിതമായ തോതിൽ സ്നേഹിക്കുകയും ചെയ്യുന്നു'' (89:16-20).

"എന്നിട്ട് ആ മലമ്പാതയിൽ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുകയോ പട്ടിണിയുള്ള നാളിൽ കുടുംബ ബന്ധമുള്ള ഒരു അനാഥക്കോ കടുത്ത ദാരിദ്ര്യമുള്ള ഒരു സാധുവിനോ ഭക്ഷണം കൊടുക്കുകയോ ചെയ്യുകയത്രെ അത്'' (90:11-16).

"മതത്തെ വ്യാജമാക്കുന്നവനാരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളികളയുകയും പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവനത്രെ അത്'' (107:1-3).

സാർവലൗകികങ്ങളും സാർവകാലികങ്ങളുമായ ധാർമിക മൂല്യങ്ങളിലേക്ക് ഖുർആൻ വെളിച്ചം വീശുന്നതിന്റെ തെളിവുകളാണ് മുകളിൽ ഉദ്ധരിച്ച വചനങ്ങൾ.

മുഹമ്മദ് നബി(സ്വ) 1400 വർഷങ്ങൾക്കു മുമ്പ് തന്റെ വിടവാങ്ങൽ പ്രസംഗത്തിലൂടെ അത്യുജ്വലമായ രീതിയിൽ മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതെല്ലാം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മിക്ക മനുഷ്യാവകാശ സംഘടനകളുടെയും നയനിലപാടുകൾ പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങുന്നു. രക്ഷാസേനയുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും കൺമുമ്പിൽ വെച്ചുതന്നെ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നു. ജാതി, മത, വർഗ, വർണ, ദേശ, ഭാഷകളുടെ അടിസ്ഥാനത്തിൽ ഇന്നും മനുഷ്യർ വിവേചനങ്ങൾക്കിരയാകുന്നു. വർത്തമാനകാലത്ത് ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന വാർത്തകൾ ഓർക്കുക. ഇസ്‌ലാം ഇത്തരം അസമത്വങ്ങളുടെയും ഇവയുടെ പേരിലുള്ള അവകാശലംഘനങ്ങളുടെയും അടിവേരറുക്കുന്നു.

**മുഹമ്മദ് നബി(സ്വ) 1400 വർഷങ്ങൾക്കു മുമ്പ് തന്റെ വിടവാങ്ങൽ പ്രസംഗത്തിലൂടെ അത്യുജ്വലമായ രീതിയിൽ മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതെല്ലാം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മിക്ക മനുഷ്യാവകാശ സംഘടനകളുടെയും നയനിലപാടുകൾ പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങുന്നു. രക്ഷാസേനയുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും കൺമുമ്പിൽ വെച്ചുതന്നെ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നു. ജാതി, മത, വർഗ, വർണ, ദേശ, ഭാഷകളുടെ അടിസ്ഥാനത്തിൽ ഇന്നും മനുഷ്യർ വിവേചനങ്ങൾക്കിരയാകുന്നു. വർത്തമാനകാലത്ത് ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന വാർത്തകൾ ഓർക്കുക. ഇസ്‌ലാം ഇത്തരം അസമത്വങ്ങളുടെയും ഇവയുടെ പേരിലുള്ള അവകാശലംഘനങ്ങളുടെയും അടിവേരറുക്കുന്നു.**

ദുർവ്യയത്തിനും പിശുക്കിനും ഇടക്കുള്ള മധ്യമ നിലപാട് സ്വീകരിക്കുവാൻ കൽപിക്കുന്ന ഖുർആൻ ധനികന്റെ സമ്പത്തിൽ ദരിദ്രനും അവകാശമുണ്ടെന്ന് പഠിപ്പിക്കുന്നു. നിശ്ചിത വരുമാനമുള്ളവൻ അതിന്റെ നിശ്ചിതമായ ഒരു ഭാഗം ദാനം ചെയ്യൽ നിർബന്ധമാണ്. കൊള്ളലാഭം, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ് തുടങ്ങിയ അഹിതകരവും അവിഹിതവുമായ മുഴുവൻ ധനാഗമ മാർഗങ്ങളെയും വെടിയാനും നല്ല രീതിയിൽ ധനസമ്പാദനം നടത്താനുമാണ് ഇസ്‌ലാം അനുശാസിക്കുന്നത്.

എല്ലാവിധ പീഡനങ്ങൾക്കെതിരെയും ഖുർആൻ ശബ്ദിക്കുന്നുണ്ട്. ഇന്ന് കലാപങ്ങളിലും സംഘർഷങ്ങളിലും സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, രോഗികൾ തുടങ്ങിയ ദുർബലരും അശരണരുമായ ജനവിഭാഗങ്ങൾ പോലും അതിക്രൂരമായി പീഡിപ്പിക്കപ്പെടുന്നു. ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള മാധ്യമമായി സ്ത്രീനഗ്നതയെ ഉപഭോഗ സംസ്കാരം തെരഞ്ഞെടുത്തിരിക്കുന്നു. പിഞ്ചുകുഞ്ഞുങ്ങൾ പോലും ലൈംഗിക വൈകൃതങ്ങൾക്ക് ഇരയാകുന്നു. വൃദ്ധസമൂഹം ഭാരമായി മാറുകയും വൃദ്ധസദനങ്ങൾ അധികരിക്കുകയും ചെയ്യുന്നു.



സ്ത്രീകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്, കുട്ടികളോട് കരുണകാ



ണിക്കണം, വൃദ്ധജനങ്ങൾ അവഗണിക്കപ്പെട്ടുകൂടാ, രോഗികളെ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണം... എന്നിങ്ങനെയുള്ള ആഹ്വാനങ്ങളിലൂടെ ഓരോ വിശ്വാസിയും സുരക്ഷിതത്വത്തിന്റെയും കാരുണ്യത്തിന്റെയും നീതിയുടെയും വക്താക്കളായി ജീവിക്കണം എന്നാണ് ഇസ്‌ലാം നൽകുന്ന സന്ദേശം.

ഭർത്താവിന് അവകാശങ്ങളും കടമകളും ഉള്ളതുപോലെ ഭാര്യക്കും അവകാശങ്ങളും കടമകളുമുണ്ട് എന്നും ദാമ്പത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പുരുഷനോ സ്ത്രീയോ ദ്രോഹിക്കപ്പെടരുത് എന്നും ഇസ്‌ലാം നിഷ്‌കർശിക്കുന്നു.

നല്ല പേരു മുതൽ ഭക്ഷണവും ചികിത്സയും വിദ്യാഭ്യാസവുമെല്ലാം മക്കൾക്ക് നൽകണം. കാരുണ്യവും വാത്സല്യവും സ്നേഹവും ലാളനയും ലഭിക്കൽ അവരുടെ അവകാശമാണ്. അനാഥരെ ദ്രോഹിക്കരുതെന്ന് അതിശക്തമായി താക്കീത് നൽകുന്ന ഇസ്‌ലാം അവരെ സംരക്ഷിക്കുന്നതിന്റെ മഹത്ത്വം ഉദ്ഘോഷിക്കുന്നു.

**ഭർത്താവിന് അവകാശങ്ങളും കടമകളും ഉള്ളതുപോലെ ഭാര്യക്കും അവകാശങ്ങളും കടമകളുമുണ്ട് എന്നും ദാമ്പത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പുരുഷനോ സ്ത്രീയോ ദ്രോഹിക്കപ്പെടരുത് എന്നും ഇസ്‌ലാം നിഷ്‌കർശിക്കുന്നു. നല്ല പേരു മുതൽ ഭക്ഷണവും ചികിത്സയും വിദ്യാഭ്യാസവുമെല്ലാം മക്കൾക്ക് നൽകണം. കാരുണ്യവും വാത്സല്യവും സ്നേഹവും ലാളനയും ലഭിക്കൽ അവരുടെ അവകാശമാണ്. അനാഥരെ ദ്രോഹിക്കരുതെന്ന് അതിശക്തമായി താക്കീത് നൽകുന്ന ഇസ്‌ലാം അവരെ സംരക്ഷിക്കുന്നതിന്റെ മഹത്ത്വം ഉദ്ഘോഷിക്കുന്നു.**

"അനാഥകളെപ്പറ്റിയും അവർ നിന്നോട് ചോദിക്കുന്നു. പറയുക: അവർക്ക് നൻമ വരുത്തുന്നതെന്തും നല്ലതാകുന്നു..." (2:220).

മതത്തിൽ ബലപ്രയോഗമില്ല എന്ന് പറയുന്ന ക്വുർആൻ വിശ്വാസ സ്വാതന്ത്ര്യം നൽകുന്നു. അതോടൊപ്പം സത്യനിഷേധത്തിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകുന്നു.

ഇസ്‌ലാം അവനവന്റെ അഭിപ്രായം സമർപ്പിക്കാൻ സ്വാതന്ത്ര്യം നൽകുന്നു. അത് അപരന്റെ അഭിമാനത്തെ മുറിവേൽപിച്ചുകൊണ്ടായിരിക്കരുത് എന്നതിലാണ് ഇസ്‌ലാമിലെ മനുഷ്യാവകാശങ്ങളുടെ മഹത്ത്വം. അഭിപ്രായ സ്വാതന്ത്ര്യമുണ്ടെങ്കിലേ കൂടിയാലോചനകൾ നടത്താനും നല്ല തീരുമാനങ്ങളിലെത്തിച്ചേരാനും കഴിയൂ.

മർദിതർ, വഴിയാത്രികർ, അയൽവാസികൾ, അടുത്ത കുടുംബക്കാർ...ഇങ്ങനെ എല്ലാവരോടും മനുഷ്യത്വപൂർണമായി പെരുമാറണമെന്നും ബാധ്യതകൾ നിറവേറ്റണമെന്നും ക്വുർആൻ ഉണർത്തുന്നുണ്ട്.

എല്ലാതരത്തിലുമുള്ള അശ്ലീലതകളോടും മ്ലേച്ഛവൃത്തികളോടും ഇസ്‌ലാം എതിരാണ്.

"...പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാകുന്നു. ദുഷ്‌കൃത്യങ്ങളിലും നീചവൃത്തികളിലും ഏർപെടുവാനും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുവാനുമാണ് അവൻ നിങ്ങളോട് കൽപിക്കുന്നത് "(2:168, 169).

അധാർമികതകൾ മുൻഗാമികൾ ചെയ്തതിന്റെ പേരിൽ ന്യായീകരിക്കപ്പെടുന്നതിനെ ക്വർആൻ എതിർക്കുന്നു

"അവർ വല്ല നീചവൃത്തിയും ചെയ്താൽ, ഞങ്ങളുടെ പിതാക്കൾ അതിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടെന്നും,

**എല്ലാവിധ അമാനവിക പ്രവണതകൾക്കും അധാർമികതകൾക്കും ഇസ്‌ലാം എതിരാണ്. ഏകനായ സ്രഷ്ടാവിന് മാത്രം ആരാധനകൾ അർപ്പിച്ചുകൊണ്ടും ക്വുർആനികാശയങ്ങളെ ജീവിതത്തിൽ പകർത്തി മാതൃക കാണിച്ച മുഹമ്മദ് നബി(സ്വ)യെ പിൻപറ്റി ജീവിച്ചുകൊണ്ടും പാരത്രിക ലോകത്ത് വിജയം നേടുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.**

അല്ലാഹു ഞങ്ങളോട് കൽപിച്ചതാണത് എന്നുമാണവർ പറയുക. (നബിയേ,) പറയുക: നീചവൃത്തി ചെയ്യുവാൻ അല്ലാഹു കൽപിക്കുകയേയില്ല. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് പറഞ്ഞുണ്ടാക്കുകയാണോ? (7:28).

'വ്യഭിചാരത്തെ വലിയ അപരാധമായി ക്വുർആൻ വിശേഷിപ്പിക്കുന്നു: "നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു" (17:32).

സ്ത്രീകൾക്കെതിരായ വ്യഭിചാരാരോപണത്തെ ഹീനമായ അധർമമായി ഇസ്‌ലാം കാണുന്നു:

"ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും എന്നിട്ട് നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർമ്മകാരികൾ" (24:4).

"തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല" (24:19).

അല്ലാഹുവിൽ പങ്കുചേർക്കൽ, ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ കൊല്ലൽ, അന്യായമായ കൊലപാതകം തുടങ്ങിയ അക്രമങ്ങളെ അല്ലാഹു എടുത്ത് പറയുന്നത് കാണുക:

"(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞ് കേൾപിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം തരുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ച് പോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചുകളയരുത്. നിങ്ങൾ ചിന്തിച്ച് മനസ്സിലാക്കുവാൻ വേണ്ടി. അവൻ (അല്ലാഹു) നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (6:151).

മദ്യം, ചൂതാട്ടം പോലുള്ള അധാർമിക പ്രവർത്തനങ്ങളെ ഇസ്‌ലാം ശക്തമായി വിലക്കിയിട്ടുണ്ട്:


"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?" (5:90,91).

മുഹമ്മദ് നബി(സ്വ)യിലൂടെ അല്ലാഹു അവതരിപ്പിച്ച മതത്തിന്റെ നിയമങ്ങൾ മനുഷ്യരെ എല്ലാ നന്മകളിലേക്കും നയിക്കുകയും എല്ലാ തിന്മകളിൽനിന്നും തടയുകയും ചെയ്യുന്നു എന്നതിന് പുറമെ മനുഷ്യരെ അവർ പേറുന്ന പാപത്തിന്റെയും തിന്മയുടെയും ഭാരങ്ങളിൽനിന്നും വിലങ്ങുകളിൽനിന്നും മോചിപ്പിക്കുക കൂടി ചെയ്യുന്നു:

"(അതായത് ) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്യുന്നവരാരോ, അവർ തന്നെയാണ് വിജയികൾ" (7:157).

ചുരുക്കത്തിൽ, എല്ലാവിധ അമാനവിക പ്രവണതകൾക്കും അധാർമികതകൾക്കും ഇസ്‌ലാം എതിരാണ്. ഏകനായ സ്രഷ്ടാവിന് മാത്രം ആരാധനകൾ അർപ്പിച്ചുകൊണ്ടും ക്വുർആനികാശയങ്ങളെ ജീവിതത്തിൽ പകർത്തി മാതൃക കാണിച്ച മുഹമ്മദ് നബി(സ്വ)യെ പിൻപറ്റി ജീവിച്ചുകൊണ്ടും പാരത്രിക ലോകത്ത് വിജയം നേടുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

ലേഖനം



# അല്ലാഹുവിന്റെ സ്വിഫതുകളും സമസ്തക്കാരുടെ ഇരട്ടത്താപ്പും

02

ജമാൽ ആറ്റിങ്ങൽ

ഇനി നമുക്ക് മുൻഗാമികളായ ചില ഇമാമുകളുടെ ഉദ്ധരണികൾ നോക്കാം:

1. ഹിജ്റ 224ൽ ജനിച്ചു 310ൽ വഫാതായ പ്രാമാണിക മുഫസ്സിർ ഇമാം ത്വബ്‌രി തന്റെ പ്രസിദ്ധ അക്വീദ ഗ്രന്ഥമായ 'അത്തബ്സീർ ഫീ മആലിമുദ്ദീൻ' എന്ന ഗ്രന്ഥത്തിൽ (പേജ് 140) പറയുന്നു: "റസൂലിന്റെ ഹദീസിലും അല്ലാഹുവിന്റെ ക്വുർആനിലും വന്നിട്ടുള്ള ഈ രൂപത്തിലുള്ള സ്വിഫതുകളുടെ അർഥം സംബന്ധിച്ച് ആരെങ്കിലും നമ്മോട് ചോദിച്ചാൽ; ഈ വിഷയത്തിൽ നമ്മുടെ അടുക്കലുള്ള ഏറ്റവും ശരിയായ ഉത്തരം 'സാദൃശ്യപ്പെടുത്തൽ ഒഴിവാക്കിക്കൊണ്ട് ആ വാക്കുകളുടെ യഥാർഥ്യത്തെ സ്ഥിരപ്പെടുത്തണം' (അഥവാ വാക്കുകളുടെ അർഥം സ്ഥിരപ്പെടുത്തണം, പക്ഷേ, മറ്റൊന്നിനോടും ഉപമിക്കാൻ പാടില്ല) എന്നതാണ്.

കുറച്ചുകൂടി വ്യക്തമായി അതേഗ്രന്ഥത്തിന്റെ 146ാമത്തെ പേജിൽ പറയുന്നു: "ഈ രൂപത്തിലുള്ള സ്വിഫതുകളുടെ അർഥം എന്താണെന്ന് നമ്മോടാരെങ്കിലും ചോദിച്ചാൽ, അവരോട് നമ്മൾ പറയും: ആ വാക്കിന്റെ പ്രത്യക്ഷാർഥം എന്താണോ അതിന്റെ മേൽ അതിനെ സ്ഥിരപ്പെടുത്തുക (വാക്കിന്റെ അർഥം പറയുക). ഹദീസിൽ വന്നത് അതേപോലെ വിശ്വസിക്കുക, സ്വീകരിക്കുക എന്നതിൽ കവിഞ്ഞ് നമുക്ക് വേറെ ഒരു മാർഗവും ഇല്ല. ആയതിനാൽ നമ്മൾ പറയും: അല്ലാഹു അന്ത്യനാളിൽ വരും, മലക്കുകൾ അണിയണിയായി നിൽക്കും, ഒന്നാം ആകാശത്തിലേക്ക് അല്ലാഹു ഇറങ്ങിവരും, ഇതല്ലാതെ അല്ലാഹു രാവിന്റെ മൂന്നിലൊന്നിൽ ഇറങ്ങിവരും എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ കൽപന ഇറങ്ങുമെന്ന് നാമൊരിക്കലും പറയില്ല, കൽപന എല്ലായ്പോഴും ഇറങ്ങിക്കൊണ്ടിരിക്കുന്നുണ്ട്."

2. ഹിജ്റ 373ൽ ജനിച്ചു 449ൽ വഫാത്തായ മഹാപണ്ഡിതൻ ഇമാം സ്വാബൂനി(റഹ്) തന്റെ 'അക്വീദതുസ്സലഫ് വ അസ്ഹാബിൽ ഹദീസ്'എന്ന ഗ്രന്ഥത്തിന്റെ 165ാമത്തെ പേജിൽ സലഫുകളുടെ നിലപാട് വിശദീകരിക്കുന്നു:

**“അവർ (സലഫുകൾ) അല്ലാഹുവിന്റെ ക്വുർആനിലും റസൂലിന്റെ ഹദീസിലും വന്നിട്ടുള്ള അല്ലാഹുവിന്റെ കാഴ്ച, കേൾവി, കണ്ണ്, മുഖം, അറിവ്, ശക്തി, കഴിവ്, പ്രതാപം, മഹത്ത്വം, ഉദ്ദേശ്യം, വാക്ക്, സംസാരം, തൃപ്തി, കോപം, സ്നേഹം, ദേഷ്യം, സന്തോഷം, ചിരി മുതലായവ ഒരു സൃഷ്ടിയോടും താരതമ്യപ്പെടുത്താതെ, ഒന്നും കൂട്ടിച്ചേർക്കാതെ അല്ലാഹുവും റസൂലും പറഞ്ഞതുപോലെ സത്യപ്പെടുത്തും. ഒന്നിലേക്കും ചേർക്കുകയോ, അതെങ്ങനെ എന്ന് പറയുകയോ, വിശദീകരിക്കുകയോ, സാദൃശ്യപ്പെടുത്തുകയോ, മാറ്റിമറിക്കുകയോ, പര്യായം പറയുകയോ ചെയ്യില്ല, അറബികൾക്കിടയിൽ അറിയപ്പെട്ട അർഥത്തിൽനിന്ന് പ്രമാണത്തിൽ വന്ന വാക്കിനെ തെറ്റിച്ച് മോശമായ വ്യാഖ്യാനത്തിലേക്കു പോകുകയുമില്ല, അവർ (സലഫുകൾ) അതിന്റെ പ്രത്യക്ഷമായ അർഥം സ്ഥിരപ്പെടുത്തിയവരും അതിന്റെ അറിവ് അല്ലാഹുവിലേക്ക് വിട്ടുകൊടുത്തവരുമാണ്.’’**

“അതുപോലെ അവർ (സലഫുകൾ) അല്ലാഹുവിന്റെ ക്വുർആനിലും റസൂലിന്റെ ഹദീസിലും വന്നിട്ടുള്ള അല്ലാഹുവിന്റെ കാഴ്ച, കേൾവി, കണ്ണ്, മുഖം, അറിവ്, ശക്തി, കഴിവ്, പ്രതാപം, മഹത്ത്വം, ഉദ്ദേശ്യം, വാക്ക്, സംസാരം, തൃപ്തി, കോപം, സ്നേഹം, ദേഷ്യം, സന്തോഷം, ചിരി മുതലായവ ഒരു സൃഷ്ടിയോടും താരതമ്യപ്പെടുത്താതെ, ഒന്നും കൂട്ടിച്ചേർക്കാതെ അല്ലാഹുവും റസൂലും പറഞ്ഞതുപോലെ സത്യപ്പെടുത്തും. ഒന്നിലേക്കും ചേർക്കുകയോ, അതെങ്ങനെ എന്ന് പറയുകയോ, വിശദീകരിക്കുകയോ, സാദൃശ്യപ്പെടുത്തുകയോ, മാറ്റിമറിക്കുകയോ, പര്യായം പറയുകയോ ചെയ്യില്ല, അറബികൾക്കിടയിൽ അറിയപ്പെട്ട അർഥത്തിൽനിന്ന് പ്രമാണത്തിൽ വന്ന വാക്കിനെ തെറ്റിച്ച് മോശമായ വ്യാഖ്യാനത്തിലേക്കു പോകുകയുമില്ല, അവർ (സലഫുകൾ) അതിന്റെ പ്രത്യക്ഷമായ അർഥം സ്ഥിരപ്പെടുത്തിയവരും അതിന്റെ അറിവ് അല്ലാഹുവിലേക്ക് വിട്ടുകൊടുത്തവരുമാണ്.’’

3. ഹിജ്റ 436ൽ ജനിച്ചു 516ൽ വഫാതായ മഹാപണ്ഡിതൻ, മുഫസ്സിർ ഇമാം ബഗ്‌വി(റഹ്) തന്റെ പ്രസിദ്ധ ഗ്രന്ഥമായ ‘ശർഹുസ്സുന്ന’യിൽ പറയുന്നു: “ഈ രൂപത്തിൽ പ്രമാണങ്ങളിൽ വന്നിട്ടുള്ള അല്ലാഹുവിന്റെ സ്വിഫതുകൾ വ്യാഖ്യാനിക്കാതെ, അതിന്റെ പ്രത്യക്ഷമായ അർഥത്തിൽ വിശ്വസിക്കൽ നിർബന്ധമാണ്, അവകളെ സാദൃശ്യപ്പെടുത്തൽ ഒഴിവാക്കണം. അല്ലാഹുവിന്റെ സ്വിഫതുകൾ ഒരു സൃഷ്ടിയോടും സാദൃശ്യപ്പെടുകയില്ല എന്ന് ഉറച്ചുവിശ്വസിക്കണം, അല്ലാഹുവിന്റെ ദാത്ത് എന്നാൽ സൃഷ്ടികളുടെ ദാത്ത് അല്ലാത്തതുപോലെ, കാരണം അവനെ പോലെ ആരുമില്ല.’’


4. ഹിജ്റ 541ൽ ജനിച്ചു 620ൽ വഫാതായ പ്രസിദ്ധ ഹമ്പലി പണ്ഡിതൻ ഇബ്നു ഖുദാമ അൽ മക്ദിസി തന്റെ ‘ദമ്മുത്തഅ്‌വീൽ’ എന്ന ഗ്രന്ഥത്തിൽ പറയുന്നു: “പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട സ്വിഫതുകളുടെ കാര്യത്തിൽ സലഫുകളുടെ മദ്ഹബ് എന്താണെന്ന് വെച്ചാൽ, സ്വിഫതുകളുടെ ബാഹ്യാർഥത്തിൽ സ്ഥിരപ്പെടുത്തി സ്ഥിരീകരിക്കുകയും രൂപപ്പെടുത്തലും സാദൃശ്യപ്പെടുത്തലും ഒഴിവാക്കലുമാകുന്നു.’’

5. ഹിജ്റ 260ൽ ജനിച്ചു 360ൽ വഫാതായ ഇമാം അബുൽ ഹസൻ അൽഅശ്അരി തന്റെ മുൻകാല വാദങ്ങൾ ഉപേക്ഷിച്ചു തൗബ ചെയ്ത് അഹ്‌ലുസ്സുന്നയുടെ വിശ്വാസത്തിലേക്ക് മടങ്ങിയതിനു ശേഷം എഴുതിയ ‘അൽഇബാന’ എന്ന ഗ്രന്ഥത്തിൽ പറയുന്നു:

(അശ്അരി ഇമാമിന് ആദ്യമുണ്ടായിരുന്ന വാദമാണ് അശ്അരി മദ്ഹബ് എന്ന പേരിൽ അറിയപ്പെടുന്നത്. ഇമാം മടങ്ങിയെങ്കിലും അനുയായികൾ മടങ്ങിയില്ല).

“ക്വുർആനിൽ വന്നിട്ടുള്ള, അല്ലാഹു കൈ കൊണ്ടു സൃഷ്ടിച്ചു, നമ്മുടെ കരങ്ങൾ കൊണ്ടു പ്രവർത്തിച്ചു എന്നിങ്ങനെയുള്ളിടത്ത് കൈ എന്നതിന് ആലങ്കാരിക അർഥം നൽകുന്നതിനെ താങ്കൾ എന്തിന് എതിർക്കുന്നു എന്ന് ആരെങ്കിലും ചോദിച്ചാൽ നാം അവരോട് പറയും; ക്വുർആനിന്റെ നിയമം എന്നത് അതിന്റെ യഥാർഥ്യത്തിലും ബാഹ്യാർഥത്തിലും സ്ഥിരപ്പെടുത്തുക എന്നതാണ്. അതിന്റെ വാക്കുകളിൽ ഒന്നിനെയും തെളിവില്ലാതെ മജാസിയായ അർഥത്തിലേക്ക് (ആലങ്കാരിക അർഥം) മാറ്റാൻ പാടില്ല.’’

മേൽ ഉദ്ധരിച്ച ഗ്രന്ഥങ്ങളിൽ നിന്ന് അല്ലാഹുവിന്റെ ദാത്തിയായ സ്വിഫതുകൾക്ക് പ്രത്യക്ഷ



> **സമസ്തക്കാർ സലഫികളെ ആക്ഷേപിക്കാനായി എല്ലാ കാലത്തും ഉപയോഗിക്കുന്ന മറ്റൊരു കളവാണ്, മുമ്പ് സലഫികൾ അല്ലാഹുവിന് ഇടതുകൈയും വലതുകൈയും ഉണ്ടെന്നെഴുതി കുറെ കഴിഞ്ഞപ്പോൾ അവർ അല്ലാഹുവിന്റെ രണ്ട് കൈയും വലതാണെന്ന് എഴുതി. അങ്ങനെ അല്ലാഹുവിന്റെ ഇടതു കൈയിനെ മാറ്റിക്കളഞ്ഞു എന്നെല്ലാം പരിഹാസ്യ രൂപേണ പല സ്റ്റേജുകളിലും മുസ്‌ലിയാക്കന്മാർ ആളുകളെ കബളിപ്പിക്കാറുണ്ട്. സത്യത്തിൽ ഈ രണ്ട് പരാമർശങ്ങളും ഹദീസുകളിൽ വന്നതാണ്. അത് അർഥസഹിതം പുസ്തകങ്ങളിൽ കൊടുത്തു എന്ന് മാത്രം, എന്നാൽ ഇത് ഹദീസിൽ വന്നതാണെന്ന് മറച്ചുവച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും സലഫികളെ പരിഹസിക്കുകയുമാണ് സമസ്തക്കാർ ചെയ്യാറുള്ളത്.**

മായ അർഥം നൽകാമെന്നും അത് സലഫുകളുടെ രീതിയാണെന്നും നാം മനസ്സിലാക്കി. ഇത് മാത്രമാണ് കേരളത്തിലെ സലഫികളും ചെയ്യുന്നത്, ഖുർആൻ ആയത്തുകളുടെയും ഹദീസുകളുടെ അർഥം എഴുതുമ്പോൾ ഈ രൂപത്തിലുള്ള വാക്കുകൾക്ക് അതിന്റെ പ്രകടമായ അർഥം എഴുതും; യദ് എന്നാൽ കൈ, ഐൻ എന്നാൽ കണ്ണ്, വജ്ഹ് എന്നാൽ മുഖം, നുസൂൽ എന്നാൽ ഇറക്കം പോലെ.

ഇതിനെയാണ് സമസ്തക്കാർ, സലഫികൾ അല്ലാഹുവിനു കൈയുണ്ടെന്ന് പറഞ്ഞു, മുഖം ഉണ്ടെന്ന് പറഞ്ഞു, അല്ലാഹുവിനു ശരീരം ഉണ്ടെന്ന് എഴുതി എന്നെല്ലാം ആരോപിക്കുന്നത്.

**സമസ്തക്കാരുടെ ഇരട്ടത്താപ്പ്**

സലഫികൾ സ്വിഫതുകൾക്ക് അർഥം നൽകുന്ന പോലെ സമസ്തക്കാരും അർഥം നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ നോക്കാം:

1. നബി(സ്വ) പറയുന്നു: "ഈ രാത്രി അല്ലാഹു ഒന്നാം ആകാശത്തിലേക്ക് ഇറങ്ങിവരും. എന്നിട്ട് കൽബ് ഗോത്രക്കാരുടെ ആടുകളുടെ രോമങ്ങളുടെ എണ്ണത്തെക്കാൾ കൂടുതൽ പേർക്ക് പാപമോചനം നൽകുന്നതാണ് (തിർമിദി, അഹ്മദ്)" (രിസാല, ജനുവരി 5, 1996, ലക്കം 63).

2. "സിംഹാസനത്തിൽ ഉപവിഷ്ടനാവുകയെന്നാൽ അറിയാം. പക്ഷേ, അല്ലാഹുവിനെ സംബന്ധിച്ച് ആ രൂപം അറിയില്ല" (സുന്നി വോയ്സ്, 2000 ഏപ്രിൽ 1-15, ലക്കം 22/20).

3. "സത്യവിശ്വാസിയുടെ ഹൃദയം പരമകാരുണികനായ അല്ലാഹുവിന്റെ വിരലുകളിൽ രണ്ട് വിരലുകളുടെ ഇടയിലാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്" (ഇഹ്‌യാ ഉലൂമുദ്ദീൻ പരിഭാഷ, പേജ് 49, എം.വി കുഞ്ഞി അഹമ്മദ് മൗലവി, മുദരിസ് പാടൂർ).

'അല്ലാഹുവിന്റെ മുഖം' (പേജ് 48), 'അല്ലാഹുവിന്റെ പാദം,' 'അല്ലാഹുവിന്റെ കൈ,' 'അല്ലാഹു സിംഹാസനസ്ഥനായി' (അതേ പുസ്തകം, പേജ് 137).

4. "ഉപരി ലോകത്തെ നിങ്ങൾക്ക് കാണാവുന്ന താങ്ങുകളൊന്നുമില്ലാതെ ഉയർത്തിനിർത്തിയിട്ടുള്ളത് അല്ലാഹുവാകുന്നു, പിന്നെ അവൻ സിംഹാസനത്തിൽ (പ്രപഞ്ച ഭരണ കേന്ദ്രത്തിൽ) ആസനസ്ഥനായി. (ജൗഹറതു തൗഹീദ് പരിഭാഷയും വ്യാഖ്യാനവും, വി.പി അബൂബക്കർ മൗലവി, സുന്നി പബ്ലിക്കേഷൻ ചെമ്മാട്).

5. 'അല്ലാഹു ആകാശത്ത്' (രിസാല ഖുർആൻ പതിപ്പ്, സെപ്തംബർ 2007).

6. 'അല്ലാഹു ഒന്നാം ആകാശത്തേക്ക് ഇറങ്ങിവരും' (രിസാല, 1996 ജനുവരി 5, ലക്കം 63, ഇ.കെ മാഹിൻ സഖാഫി).

7. 'അല്ലാഹു ഒന്നാം ആകാശത്തേക്ക് ഇറങ്ങിവരും' (സത്യധാര, 2006 സെപ്റ്റംബർ 1-15).

ഇതാണ് സമസ്തക്കാരുടെ ഇരട്ടത്താപ്പ്, അവരിങ്ങനെയൊക്കെ അർഥം നൽകും, എന്നിട്ട് ഇതേ പോലെ ഹദീസിനും ആയത്തിനും അർഥം കൊടുത്ത സലഫികളെ വേറെ ദൈവത്തെ ആരാധിക്കുന്നവരാണെന്ന് ആരോപിക്കുകയും ചെയ്യും!

**'അല്ലാഹുവിന്റെ ഇടതുകൈ,' 'അല്ലാഹുവിന്റെ രണ്ട് കൈയും വലത്ത്' തുടങ്ങിയ പരാമർശങ്ങളിൽ വൈരുധ്യമുണ്ടോ?**

സമസ്തക്കാർ സലഫികളെ ആക്ഷേപിക്കാനായി എല്ലാ കാലത്തും ഉപയോഗിക്കുന്ന മറ്റൊരു കളവാണ്, മുമ്പ് സലഫികൾ അല്ലാഹുവിന് ഇടതുകൈയും വലതുകൈയും ഉണ്ടെന്നെഴുതി കുറെ കഴിഞ്ഞപ്പോൾ അവർ അല്ലാഹുവിന്റെ രണ്ട് കൈയും വലതാണെന്ന് എഴുതി. അങ്ങനെ അല്ലാഹുവിന്റെ ഇടതു കൈയിനെ മാറ്റിക്കളഞ്ഞു എന്നെല്ലാം പരിഹാസ്യ രൂപേണ പല സ്റ്റേജുകളിലും മുസ്‌ലിയാക്കന്മാർ ആളുകളെ കബളിപ്പിക്കാറുണ്ട്.

സത്യത്തിൽ ഈ രണ്ട് പരാമർശങ്ങളും ഹദീസുകളിൽ വന്നതാണ്. അത് അർഥസഹിതം പുസ്തകങ്ങളിൽ കൊടുത്തു എന്ന് മാത്രം, എന്നാൽ ഇത് ഹദീസിൽ വന്നതാണെന്ന് മറച്ചുവച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും സലഫികളെ പരിഹസിക്കുകയുമാണ് സമസ്തക്കാർ ചെയ്യാറുള്ളത്. സത്യത്തിൽ ഇവരുടെ പരിഹാസം ചെന്ന് കൊള്ളുന്നത് റസൂലിലേക്ക് തന്നെയാണെന്നും അതിന്റെ ഗൗരവം എത്രയാണെന്നും ഈ സാധുക്കൾ മനസ്സിലാക്കുന്നില്ല.

രണ്ട് ഹദീസുകളും താഴെ കൊടുക്കുന്നു:

അല്ലാഹുവിന്റെ റസൂൽ(സ)

പറഞ്ഞു: "കിയാമത്ത് നാളിൽ അല്ലാഹു ആകാശങ്ങളെ ചുരുട്ടും. പിന്നെ അവയെ തന്റെ വലതുകൈയിൽ പിടിച്ചുകൊണ്ട് പറയും: 'ഞാനാണ് രാജാവ്. അഹങ്കാരികളും ഏകാധിപതികളും എവിടെ?' പിന്നീട് ഭൂമിയെ ഇടതു കൈയിൽ ചുരുട്ടിപ്പിടിക്കും. എന്നിട്ട് പറയും: 'ഞാനാണ് രാജാവ്, എവിടെ അഹങ്കാരികൾ? എവിടെ സ്വേച്ഛാധിപതികൾ?" (സ്വഹീഹ് മുസ്‌ലിം).

റസൂൽ(സ്വ) പറഞ്ഞു: "തീർച്ചയായും നീതി പാലിക്കുന്നവർ റഹ്മാനായ അല്ലാഹുവിന്റെ വലതു കൈക്കരികിൽ പ്രകാശത്താലുള്ള ഒരു മിമ്പറിൽ ആയിരിക്കും. അല്ലാഹുവിന്റെ ഇരുകരങ്ങളും വലത്താണ്, തന്റെ കുടുംബത്തിലുള്ളവരോടും തന്റെ അധീനതയിലുള്ളവരോടും നീതിയോടെ പെരുമാറുന്നവരാണവർ" (സ്വഹീഹ് മുസ്‌ലിം).

നോക്കൂ! ഈ രണ്ട് ഹദീസുകളും എടുത്ത് കൊടുത്തു എന്ന കാരണംകൊണ്ട്, സലഫികൾ അല്ലാഹുവിനെ ഒരിടത്ത് അവയവമുള്ളവനാക്കി, പിന്നീട് അല്ലാഹുവിന്റെ കൈ വെട്ടി മാറ്റി എന്നൊക്കെ ആരോപിക്കുന്നത് എന്തുമാത്രം മ്ലേഛമാണ്!

ആദ്യം കൊടുത്ത ഹദീസിൽ അല്ലാഹുവിന്റെ 'വലതുകൈ' എന്നും 'ഇടതുകൈ' എന്നും വന്നിരിക്കുന്നു. ഇടത് എന്നത് ഒരു ന്യൂനത സൂചിപ്പിക്കുന്ന വാക്കാണെന്നും അതിനാൽ അഭിപ്രായ വിത്യാസമുണ്ടെന്നും ഇമാം ബൈഹഖി തന്റെ 'അസ്മാഉ വസ്സിഫാത്' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുമ്പോൾ, ഈ ഹദീസ് സ്വഹീഹാണെന്ന് ഇമാം ബഗവി അഭിപ്രായപ്പെടുന്നു.

ഈ ഹദീസ് സ്വഹീഹാണെന്ന അഭിപ്രായം നമ്മൾ സ്വീകരിച്ചാൽ തന്നെ വൈരുധ്യമില്ല, അല്ലാഹുവിനു രണ്ട് കൈകൾ ഉണ്ടെന്നും ഒന്ന് ഇടതും ഒന്ന് വലതുമാണെന്നും അതിന്റെ രൂപം നമുക്കറിയില്ലെന്നും ഹദീസിൽ വന്നതു പ്രകാരം നമ്മൾ വിശ്വസിക്കുന്നു, മാത്രമല്ല അല്ലാഹുവിന്റെ സ്വിഫതാകയാൽ സൃഷ്ടികൾക്കുള്ള യാതൊരു സാദൃശ്യവും ഇവകൾക്കില്ല. സൃഷ്ടികൾക്കുള്ള ഇടത് എന്ന ഒരു ന്യൂനതയും അല്ലാഹുവിലേക്ക് ചേർക്കുമ്പോൾ ഉദ്ദേശിക്കാവതുമല്ല.

രണ്ടാമത്തെ ഹദീസും ആദ്യത്തെ ഹദീസിന് എതിരാകുന്നില്ല. അല്ലാഹുവിന്റെ ഇരുകൈകളും വലത്താണ് എന്ന് ഹദീസിൽ വന്നത് വായിക്കുമ്പോൾ അല്ലാഹുവിനെ കൈകളുള്ള ഒരു മനുഷ്യനായി സങ്കൽപിക്കുകയും എന്നിട്ട് വലതു ഭാഗത്ത് രണ്ട് കൈകളുള്ള, ഇടതുഭാഗം ശൂന്യമായ ഒരു വ്യക്തിയെ മനസ്സിൽ സങ്കൽപിക്കുകയും ചെയ്യുന്ന മുസ്‌ലിയാർക്കാണ് സത്യത്തിൽ പ്രശ്നം. അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്, അതെങ്ങനെ എന്ന് നമുക്കറിയില്ല, ഞാൻ അത് വിശ്വസിക്കുന്നു എന്ന് തീരുമാനിച്ചാൽ പ്രശ്നം തീർന്നു.

അല്ലാഹുവിന് ഇടതുകൈയുണ്ട് എന്ന് പറഞ്ഞ റസൂൽ(സ്വ)

> **'പരമകാരുണികനായ റബ്ബിന്റെ രണ്ട് കൈയും വലതാണ്.' ന്യൂനതയുടെ അടയാളമായ ഇടത് എന്ന വിശേഷണം അല്ലാഹുവിനില്ല എന്നറിയിക്കാനും അല്ലാഹുവിനെ മഹത്ത്വപ്പെടുത്താനുമാണ് റസൂൽ അങ്ങനെ പറഞ്ഞത്. എന്നാൽ അല്ലാഹുവിന്റെ ഇടതു കൈ എന്ന് റസൂലിൽനിന്ന് വന്നിട്ടുണ്ട്. ഇടത് എന്ന് പറയാൻ പാടില്ലായിരുന്നെങ്കിൽ റസൂലിൽനിന്ന് അങ്ങനെ ഒരിക്കലും വരുമായിരുന്നില്ല.''**

തന്നെയാണ് അല്ലാഹുവിന്റെ രണ്ട് കൈകളും വലതാണെന്ന് പറഞ്ഞത്. സൃഷ്ടികൾക്കുള്ള ഇടതിന്റെ യാതൊരു ന്യൂനതകളും ഇല്ലാത്ത, കൈകൾ രണ്ടും കുറവുകളിൽനിന്ന് മുക്തമാണ് എന്നാണ് ഈ ഹദീസിന്റെ ഉദ്ദേശ്യം.

ഈ ഹദീസിനെ പണ്ഡിതന്മാർ എങ്ങനെ വിശദീകരിച്ചു എന്ന് കൂടി നമുക്ക് നോക്കാം:

1. ഹിജ്റ 213ൽ ജനിച്ചു 276ൽ വഫാത്തായ മഹാ പണ്ഡിതൻ ഇബ്നു കുത്തയ്ബ അൽ ദീനവരി തന്റെ 'തഅ്‌വീൽ മുഖ്തലഫൽ ഹദീസ്' എന്ന് ഗ്രന്ഥത്തിന്റെ 3040മത്തെ പേജിൽ പറയുന്നു:

"തീർച്ചയായും ഈ ഹദീസ് സ്വഹീഹാണ്. മാത്രമല്ല അത് അസാധ്യവുമല്ല. അത് കൊണ്ടുള്ള ഉദ്ദേശ്യം പരിപൂർണതയാണ്. കാരണം എല്ലാ വസ്തുക്കളിലും ഇടത് എന്നാൽ വലതിനെ അപേക്ഷിച്ചു പൂർണതയിലും ശക്തിയിലും കുറവുള്ളതാണ്. അറബികൾ വലതിനെ ഇഷ്ടപ്പെടുകയും ഇടതിനെ വെറുക്കുകയും ചെയ്തിരുന്നു. കാരണം വലത് പൂർണതയും ഇടത് കുറവുമാണ്."

ശേഷം അദ്ദേഹം ഒരു കവിതാശകലം കൊടുക്കുന്നു. ഉദാരനായ ഒരു വ്യക്തിയെ സൂചിപ്പിക്കാൻ അയാളുടെ രണ്ട് കൈയും വലത്താണെന്ന് അറബികൾ കവിതയിൽ പറഞ്ഞിരുന്നു. അതിനർഥം അയാൾക്ക് ഇടതുകൈ ഇല്ല എന്നല്ല. അയാളുടെ വലതുഭാഗത്ത് രണ്ടു കൈകൾ ഉണ്ട് എന്നുമല്ല. അയാളുടെ നല്ല ഗുണത്തെ സൂചിപ്പിക്കാനുള്ള ഒരു പ്രയോഗം മാത്രമാണത്.

2. ഹിജ്റ 200ൽ ജനിച്ചു 280ൽ വഫാതത്തായ ഇമാം അബു സഈദ് ദാരിമി തന്റെ 'അർറദ്ദു അലാ ബിശ്‌രിൽ മരീസി' എന്ന കിതാബിൽ 1550മത്തെ പേജിൽ പറയുന്നു:

"അല്ലാഹുവിന്റെ ഇരു കരങ്ങളും വലതാണ്, അഥവാ ന്യൂനതയെ തൊട്ടും ബലഹീനതയെ



തൊട്ടും പരിശുദ്ധമായ രണ്ട് കൈകൾ അവനുണ്ട്. നമ്മുടെ കൈകളിൽ ന്യൂനതയും ശക്തിക്കുറവുമുള്ള ഇടത് അവനില്ല. അതുകൊണ്ടാണ് റസൂൽ(സ്വ) പറഞ്ഞത്; 'പരമകാരുണികനായ റബ്ബിന്റെ രണ്ട് കൈയും വലതാണ്.' ന്യൂനതയുടെ അടയാളമായ ഇടത് എന്ന വിശേഷണം അല്ലാഹുവിനില്ല എന്നറിയിക്കാനും അല്ലാഹുവിനെ മഹത്ത്വപ്പെടുത്താനുമാണ് റസൂൽ അങ്ങനെ പറഞ്ഞത്. എന്നാൽ അല്ലാഹുവിന്റെ ഇടതു കൈ എന്ന് റസൂലിൽനിന്ന് വന്നിട്ടുണ്ട്. ഇടത് എന്ന് പറയാൻ പാടില്ലായിരുന്നെങ്കിൽ റസൂലിൽനിന്ന് അങ്ങനെ ഒരിക്കലും വരുമായിരുന്നില്ല."

ഈ വിഷയം ആധുനിക സലഫി പണ്ഡിതൻ ശൈഖ് സ്വലിഹ് ഉസൈമീൻ(റഹ്) വിശദീകരിക്കുന്നു: 'പിന്നെ അല്ലാഹു ഭൂമിയെ ഇടത് കൈ കൊണ്ട് പിടിക്കും'-ഈ ഹദീസിലെ ഇടത് എന്ന വാക്ക് ചില പണ്ഡിതന്മാർ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ചിലർ നിരാകരിച്ചിട്ടുമുണ്ട്. സ്ഥിരപ്പെടുത്തിയവർതന്നെ അത് ഇബ്നു ഉമറി(റ)ൽനിന്ന് വന്ന റിപ്പോർട്ടിന് എതിരാണെന്നതുകൊണ്ട് അത് ശാദ്ദാണെന്ന് പറഞ്ഞിട്ടുണ്ട്.

എന്നാൽ ഇടത് എന്ന വാക്ക് സ്ഥിരപ്പെട്ടതാകയാൽ തന്നെ അല്ലാഹുവിന്റെ രണ്ട് കൈയും വലതാണെന്ന ഹദീസിന് വിരുദ്ധമാകുന്നില്ല. കാരണം അതിന്റെ അർഥം സൃഷ്ടികൾക്കുള്ള പോലെ വലതിനെക്കാൾ ന്യൂനതയുള്ള ഇടതുകൈ പോലെയല്ല അല്ലാഹുവിന്റെ കൈ എന്നു മാത്രമാണ്. റസൂൽ(സ്വ) പറഞ്ഞു: 'അല്ലാഹുവിന്റെ രണ്ട് കൈകളും വലതാണ് എന്നുവച്ചാൽ അല്ലാഹുവിന്റെ കൈകൾക്ക് ഒരു ന്യൂനതയുമില്ല എന്നർഥം. ഈ വാക്കിനെ ബലപ്പെടുത്തുന്നതാണ് ആദം നബി(അ)യുമായി ബന്ധപ്പെട്ടു വന്ന ഹദീസ്. '(ആദം നബി പറഞ്ഞു:) അല്ലാഹുവിന്റെ വലതുകൈ ഞാൻ തിരഞ്ഞെടുത്തു അല്ലാഹുവിന്റെ ഇരു കൈകളും വലതാണ്. ബറകത്തുടയവയാണ്.'

ഈ വിശദീകരണങ്ങളിൽനിന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കാവുന്ന ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു:

1. അല്ലാഹുവിന്റെ ദാത്തിയായ സ്വിഫാതുകളെ എങ്ങനെ എന്ന് പറയാനോ, നിഷേധിക്കാനോ, സൃഷ്ടികളോട് സാദൃശ്യപ്പെടുത്താനോ, ഉദാഹരണം പറയാനോ, അർഥം മാറ്റാനോ, വിശദീകരിക്കാനോ നിൽക്കാതെ അതിന്റെ ബാഹ്യമായ അർഥത്തിൽ സ്ഥിരപ്പെടുത്തി വിശ്വസിക്കുക, ഇതാണ് സ്വഹാബികളും താബിഉകളും അടങ്ങുന്ന സലഫുകളുടെ മാർഗം. സലഫികൾ അതേ മാർഗത്തിലാണ്. അല്ലാഹുവിന്റെ സ്വിഫതുകളെ അർഥം മാറ്റി വ്യാഖ്യാനിച്ചത് പിൽക്കാലത്ത് വന്ന അശ്അരി വിഭാഗമാണ്. അഥവാ അവരാണ് പുത്തൻ വാദക്കാർ. സമസ്തക്കാർ ഈ വാദക്കാരാണ്.

3. സലഫികൾ അല്ലാഹുവിന്റെ ദാത്തിയായ സ്വിഫതുകൾക്ക് അർഥം എഴുതിയപോലെ സമസ്തക്കാരും എഴുതിയിട്ടുണ്ട്.

4. അല്ലാഹുവിന്റെ കൈകൾ എന്നതും അല്ലാഹുവിന്റെ വലതുകൈ, ഇടതുകൈ എന്നതുമൊക്കെ ക്വുർആനിലും ഹദീസിലും സ്ഥിരപ്പെട്ട കാര്യമാണ്.

5. അല്ലാഹുവിന്റെ രണ്ട് കൈകളും വലത്താണ് എന്ന ഹദീസിൽ വന്ന പ്രയോഗത്തിന്റെ ആശയം അല്ലാഹുവിന്റെ രണ്ട് കൈകളും എല്ലാ ന്യൂനതയിൽനിന്നും കുറവുകളിൽനിന്നും മുക്തവും പൂർണ പരിശുദ്ധവും ആണെന്ന് മഹാന്മാരായ ഇമാമുകൾ വിശദീകരിച്ചിരിക്കുന്നു.

**അല്ലാഹുവിന്റെ ദാത്തിയായ സ്വിഫാതുകളെ എങ്ങനെ എന്ന് പറയാനോ, നിഷേധിക്കാനോ, സൃഷ്ടികളോട് സാദൃശ്യപ്പെടുത്താനോ, ഉദാഹരണം പറയാനോ, അർഥം മാറ്റാനോ, വിശദീകരിക്കാനോ നിൽക്കാതെ അതിന്റെ ബാഹ്യമായ അർഥത്തിൽ സ്ഥിരപ്പെടുത്തി വിശ്വസിക്കുക, ഇതാണ് സ്വഹാബികളും താബിഉകളും അടങ്ങുന്ന സലഫുകളുടെ മാർഗം. സലഫികൾ അതേ മാർഗത്തിലാണ്. അല്ലാഹുവിന്റെ സ്വിഫതുകളെ അർഥം മാറ്റി വ്യാഖ്യാനിച്ചത് പിൽക്കാലത്ത് വന്ന അശ്അരി വിഭാഗമാണ്. അഥവാ അവരാണ് പുത്തൻ വാദക്കാർ. സമസ്തക്കാർ ഈ വാദക്കാരാണ്. സലഫികൾ അല്ലാഹുവിന്റെ ദാത്തിയായ സ്വിഫതുകൾക്ക് അർഥം എഴുതിയപോലെ സമസ്തക്കാരും എഴുതിയിട്ടുണ്ട്.**

സമ്പത്തും സത്യവിശ്വാസിയും 04



# സകാത്ത്: ചില അടിസ്ഥാന കാര്യങ്ങൾ

**സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി**

: 98467 97157

**ഭൂമിയിൽനിന്ന് ലഭിക്കുന്നവയുടെ സകാത്ത്**

ഭൂമിയിൽനിന്ന് ലഭിക്കുന്നവ പ്രധാനമായും നാല് ഇനങ്ങളാകുന്നു.

1. ധാന്യങ്ങളും പഴങ്ങളും.
2. ഖനന വസ്തുക്കൾ.
3. നിധികൾ.
4. തേൻ.

ഇതിന് തെളിവായി അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉത്പാദിപ്പിച്ചു തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ" (അൽബഖറ: 267).

**ധാന്യങ്ങളും പഴങ്ങളും**

മനുഷ്യജീവിതത്തിലും സമ്പാദ്യത്തിലും വളരെ സുപ്രധാനമായ ഒരു ഘടകമാണ് കൃഷി. കൃഷിയെ ഇസ്‌ലാം ഒരു സൽകർമവും ഏറ്റവും ഉത്തമമായ സമ്പാദ്യവുമായി കാണുന്നു. ആ കൃഷിയിൽനിന്നുമുള്ള വിളയുടെ നിസ്വാബ് എത്തുന്ന മുറക്ക് പാവപ്പെട്ടവർക്ക് അവരുടെ അവകാശം നൽകുകയെന്നുള്ളത് സത്യവിശ്വാസിയുടെ നിർബന്ധ ബാധ്യതയാണ്.

അല്ലാഹു പറയുന്നു: "പന്തലിൽ പടർത്തപ്പെട്ടതും അല്ലാത്തതുമായ തോട്ടങ്ങളും ഈന്തപ്പനകളും വിവിധതരം കനികളുള്ള കൃഷികളും പരസ്പരം തുല്യത തോന്നുന്നതും എന്നാൽ സാദൃശ്യമില്ലാത്തതുമായ നിലയിൽ ഒലീവും മാതളവും എല്ലാം സൃഷ്ടിച്ചുണ്ടാക്കിയത് അവനാകുന്നു. അവയോരോന്നും കായ്ക്കുമ്പോൾ അതിന്റെ ഫലങ്ങളിൽനിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിന്റെ വിളവെടുപ്പ് ദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക. നിങ്ങൾ ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല" (അൽഅൻആം: 141).

നബി(സ്വ) പറഞ്ഞു: "അരുവികളാലും മഴയാലും ഉണ്ടാകുന്നതോ, തന്നെത്താൻ ഉണ്ടാകുന്നതോ ആയ കൃഷിയിൽനിന്നും 10% വും നനച്ചുണ്ടാക്കുന്നതിൽനിന്നും 5%വും സകാത്ത് നൽകണം" (ബുഖാരി).

"അഞ്ചു വസ്ഖുകൾക്ക് താഴെയാണ് വിളയെങ്കിൽ അതിന് സകാത്ത്

ബാധകമല്ല"(ബുഖാരി). അഥവാ അഞ്ചു വസ്ക് തികഞ്ഞാൽ അതിന് സകാത്ത് ബാധകമാണ്.

കൃഷിവിളകളിൽ സകാത്ത് ബാധകമാകുന്ന ഇനങ്ങളെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്:

1) ധാന്യങ്ങളിലും അളക്കുവാനും ഉണക്കി സൂക്ഷിക്കുവാനും സാധിക്കുന്ന ഫലവർഗങ്ങളിലും മാത്രമാണ് സകാത്ത് ബാധകം. ഹമ്പലീ മദ്ഹബിലെ പ്രശസ്തമായ അഭിപ്രായം ഇതാണ്.

2) ഗോതമ്പ്, ബാർലി, കാരക്ക, ഉണക്കമുന്തിരി എന്നീ നാല് വിളകളിൽ മാത്രമെ സകാത്ത് ബാധകമാകുകയുള്ളൂ എന്നതാണ് രണ്ടാമത്തെ അഭിപ്രായം. ദുർബലമായ ഒരു ഹദീസ് ആണ് ഇതിനാധാരം. ശൈഖ് ഇബ്നു ഉസൈമീൻ(റഹി) പറയുന്നു: "ആ ഹദീസ് സ്വഹീഹായിരുന്നുവെങ്കിൽ അതോടെ അഭിപ്രായഭിന്നത അവസാനിക്കുമായിരുന്നു. പക്ഷേ, അത് പ്രതിപാദിക്കപ്പെട്ട ഹദീസ് ദുർബലമാണ്."

3) മനുഷ്യർ കൃഷിചെയ്യുന്ന എല്ലാ കൃഷിവിളകളിലും സകാത്ത് ബാധകമാണ് എന്നതാണ് മൂന്നാമത്തെ അഭിപ്രായം. വിറക്, മറ്റു ഭക്ഷ്യയോഗ്യമല്ലാത്ത കൃഷികൾ എല്ലാം ഇതിൽ പെടും. കൃഷിവിളകളിലെ സകാത്തിനെ സൂചിപ്പിച്ചുകൊണ്ട് പൊതുവായി ഉദ്ധരിക്കപ്പെട്ട തെളിവുകളാണ് ഈ അഭിപ്രായത്തിനാധാരം. ഇമാം അബൂഹനീഫ(റഹി) ഈ അഭിപ്രായക്കാരനാണ്. ഏറ്റവും സൂക്ഷ്മത ആഗ്രഹിക്കുന്നവർക്ക് ഈ അഭിപ്രായമാണ് ഉചിതം എന്നു പറയാം.

4) ജനങ്ങളുടെ അടിസ്ഥാന ഭക്ഷണവും ഉണക്കി സൂക്ഷിക്കാൻ സാധിക്കുന്നതുമായ കൃഷിയിനം ആണെങ്കിൽ മാത്രമെ സകാത്ത് ബാധകമാകുകയുള്ളൂ എന്നതാണ് നാലാമത്തെ അഭിപ്രായം. ഇതാണ് ഇമാം മാലികി(റഹി)ന്റെയും ഇമാം ശാഫിഈ(റഹി)യുടെയും അഭിപ്രായം. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റ)യും ഈ അഭിപ്രായത്തെയാണ് പ്രബലമായ അഭിപ്രായമായി കാണുന്നത്.

ശൈഖ് ഇബ്നു ഉസൈമീൻ, ശൈഖ് സ്വാലിഹ് അൽഫൗസാൻ തുടങ്ങിയവരെല്ലാം ഉണക്കി സൂക്ഷിക്കുവാൻ സാധിക്കുന്നതും അളന്നു തിട്ടപ്പെടുത്താൻ സാധിക്കുന്നതുമായ കൃഷിക്കേ സകാത്ത് ബാധകമാകൂ എന്ന അഭിപ്രായക്കാരാണ്. വളരെ വലിയ ചർച്ചതന്നെ പണ്ഡിതന്മാർക്കിടയിൽ ഈ വിഷയത്തിലുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ വിള നിസ്വാബെത്തിയാൽ ഏത് കൃഷിക്കും സകാത്ത് ബാധകമാണ് എന്നതാണ് ഏറ്റവും സൂക്ഷ്മതയുള്ളത്. കൃഷിയുടെ സകാത്ത് പ്രതിപാദിച്ച സൂറതുൽ അൻആമിലെ ആയത്ത് ഈ അഭിപ്രായത്തിന് ഏറെ ബലം നൽകുകയും ചെയ്യുന്നു.

**കൃഷിയുടെ നിസ്വാബ്**

റസൂൽ(സ്വ) പറഞ്ഞു: "അഞ്ചു വസ്ക്വുകൾക്ക് താഴെയാണ് വിളയെങ്കിൽ അതിന് സകാത്ത് ബാധകമല്ല" (ബുഖാരി).

ഒരു വസ്ക് = 60 സ്വാഅ്. അഞ്ച് വസ്ക് = 300 സ്വാഅ്. ഒരു സ്വാഅ് = 2.040 കിലോഗ്രാം. അഥവാ രണ്ട് കിലോ നാൽപത് ഗ്രാം. അതുകൊണ്ടുതന്നെ 300X2.040=612 കിലോഗ്രാം. ഇത് അഞ്ച് വസ്ക് എന്ന അളവിൽ ഗോതമ്പ് തൂക്കിയാൽ കിട്ടുന്ന തൂക്കമാണ്. വിള മാറുന്നതിനനുസരിച്ച് തൂക്കവും മാറും. അതുകൊണ്ട് തന്നെ അളവിലുള്ള ഓരോ വിളയുടെയും തൂക്കം ലഭിക്കാൻ ഏകദേശം പത്ത് കിലോ ഗോതമ്പ് കൊള്ളുന്ന ചാക്കിലോ പാത്രത്തിലോ തൂക്കമറിയേണ്ട വിള നിറച്ച് കിട്ടുന്ന തൂക്കത്തെ 61 കൊണ്ട് ഗുണിച്ചാൽ മതി.

**സകാത്തായി നൽകേണ്ട വിഹിതം**

റസൂൽ(സ്വ) പറഞ്ഞു: "അരുവികളാലും മഴയാലും ഉണ്ടാകുന്നതോ, തന്നെത്താൻ ഉണ്ടാകുന്നതോ ആയ കൃഷിയിൽനിന്നും 10%വും നനച്ചുണ്ടാക്കുന്നതിൽനിന്നും 5%വും സകാത്ത് നൽകണം" (ബുഖാരി).

കൃഷി നട്ടത് മുതൽ വിളവെടുപ്പ് വരെയുള്ള ഏറിയ കാലവും മഴയും അരുവികളും അവലംബമാക്കിയുള്ള കൃഷികൾക്കും, നനആവശ്യമില്ലാതെ സ്വയം ഉണ്ടാകുന്നവയ്ക്കും വിളയുടെ 10% സകാത്തായി നൽകണം. കൃഷിയുടെ ഏറിയ പങ്കും അദ്ധ്വാനിച്ച് നനച്ചുണ്ടാക്കുന്നവയ്ക്ക് വിളയുടെ 5% സകാത്തായി നൽകണം. പകുതി കാലം മഴ കൊണ്ടും പകുതി കാലം അദ്ധ്വാനിച്ച് നനച്ചതുമാണ് എങ്കിൽ 7.5% സകാത്തായി നൽകണം. എന്നാൽ ഏത് രൂപത്തിലുള്ള നനയാണ് കൂടുതൽ എന്ന് വ്യക്തതയില്ലാത്ത കൃഷികളിൽ 10% തന്നെ നൽകണം.

**ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

1. ഓരോ വിളവെടുപ്പിന്റെ സമയത്തുമാണ് സകാത്ത് നൽകേണ്ടതെങ്കിലും, നിസ്വാബ് തികയുന്ന വിഷയത്തിൽ ഒരു വർഷത്തിലെ മൊത്തം വിളവെടുപ്പ് നിസ്വാബ് തികയുന്നുണ്ടോ എന്നുള്ളതാണ് പരിഗണിക്കുക.

2. അളവും തൂക്കവും പരിഗണിക്കുമ്പോൾ നാട്ടുനടപ്പനുസരിച്ച് എപ്രകാരമാണോ വിള തൂക്കുകയോ അളക്കുകയോ ചെയ്യുക, അപ്രകാരമാണ് തൂക്കേണ്ടതും അളക്കേണ്ടതും. അഥവാ പൊളിച്ച് തൂക്കുന്നവ അപ്രകാരവും പൊളിക്കാതെ തൂക്കുന്നവ അപ്രകാരവുമാണ് ചെയ്യേണ്ടത്. നബി(സ്വ)യുടെ കാലത്ത് മുന്തിരി ഉണക്കമുന്തിരിയായി മതിച്ച് കണക്കാക്കിയാണ് സകാത്ത് നിശ്ചയിച്ചിരുന്നത്. അതുപോലെ കാരക്ക ഉണക്കമെത്തിയ കാരക്കയായും മതിച്ച് കണക്കാക്കിയിരുന്നതായി കാണാം.

3. നനയെ ആസ്പദമാക്കിയാണ് സകാത്ത് നൽകേണ്ട വിഹിതം നിർണയിക്കേണ്ടത്. മറ്റു അധ്വാനങ്ങളും ചെലവുകളും പരിഗണിക്കില്ല. കാരണം നബി(സ്വ)യുടെ കാലത്തും കൃഷിക്ക് മറ്റു ചെലവുകൾ ഉണ്ടായിരുന്നു. അത്

പരിഗണിക്കാതെ നനയുടെ രീതി ആസ്പദമാക്കി സകാത്ത് നിർണയിക്കാനാണ് അദ്ദേഹം പഠിപ്പിച്ചത്. മറ്റു ചെലവുകൾ അതിൽ പരിഗണിക്കില്ല എന്നതിൽ നാല് മദ്ഹബിന്റെ ഇമാമുമാർക്കും ഏകാഭിപ്രായമാണ്.

4. പാകമായി നിൽക്കുന്ന കൊയ്തെടുക്കാത്ത വിളകൾ മതിച്ച് സകാത്ത് കണക്കാക്കുമ്പോൾ അതിൽ നിന്ന് മൂന്നിലൊന്നോ, ഏറ്റവും ചുരുങ്ങിയത് കാൽഭാഗമോ ഒഴിവാക്കി കണക്കാക്കണം എന്ന് റസൂൽ (സ്വ) നിർദേശിച്ചിട്ടുണ്ട്. കാരണം വിളകളിൽനിന്നും ദാനമായി നൽകുന്നവയും പക്ഷികൾ തിന്നു പോകുന്നവയും എല്ലാം ഉണ്ടാകുമല്ലോ. ഉമറി (റ)ൽനിന്നും ഇത് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

5. വിളയോ അതല്ലെങ്കിൽ അതിന് തുല്യമായ പണമോ സകാത്തായി നൽകാം. ഇതാണ് ഇമാം അബൂഹനീഫയുടെ അഭിപ്രായം. അതുപോലെത്തന്നെ ഇമാം അഹ്മദിൽനിന്നും ഈ അഭിപ്രായം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. പാവങ്ങൾക്ക് ഏറ്റവും ഉചിതമേത് എന്നത് പരിഗണിച്ചുകൊണ്ട് നൽകുക എന്നതാണ് പ്രബലമായ അഭിപ്രായമായി മനസ്സിലാക്കാൻ സാധിക്കുന്നത്.

6. മഴവെള്ളവും അരുവികളിലെ വെള്ളവും കൃഷിയിലെത്താൻ ചാല് കീറുക എന്നുള്ളത് അതിനെ അധ്വാനമുള്ള നനയാക്കി മാറ്റുന്നില്ല. എന്നാൽ അധ്വാനിച്ചുകൊണ്ടോ, ജോലിക്കാരെ നിർത്തിയോ, മറ്റു യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ടോ വെള്ളം നനക്കേണ്ടി വരുന്ന കൃഷിക്കാണ് നനച്ചുണ്ടാക്കുന്ന കൃഷി എന്ന് പറയുക. യഥാർഥത്തിൽ നനച്ചുണ്ടാക്കുന്ന കൃഷി, പ്രകൃതി സ്രോതസ്സുകൾ സ്വയം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉണ്ടാകുന്ന കൃഷി എന്നിങ്ങനെ വേർതിരിക്കാൻ ഓരോ നാട്ടിലെയും നാട്ടുനടപ്പാണ് പരിഗണിക്കുക.

ശ്രദ്ധിക്കുക: സകാത്തിന്റെ പരിധിയെത്താൻ വേണ്ടി ധാന്യങ്ങളും പഴവർഗങ്ങളും പരസ്പരം കൂട്ടിക്കലർത്താൻ പാടില്ല. ഉദാ: ബാർലിയും കാരക്കയും പരസ്പരം കൂട്ടിക്കലർത്താൻ പാടില്ല. അതുപോലെ ഒരേ വർഗത്തിലുള്ള (ധാന്യ ഇനം) വ്യത്യസ്ത ഇനങ്ങൾ പരസ്പരം കൂട്ടിക്കലർത്താനും പാടില്ല. ഉദാഹരണമായി ബാർലിയും ഗോതമ്പും കൂട്ടിക്കലർത്താനും മുന്തിരിയും സൈതൂനും കൂട്ടിക്കലർത്താനും പാടില്ല. എന്നാൽ പഴത്തിലെയോ ധാന്യത്തിലെയോ ഒരേ ഇനത്തിൽ പെട്ട വസ്തുക്കൾ കൂട്ടിക്കലർത്താവുന്നതാണ്. ഉദാ: കാരക്കയിലെ വിവിധയിനങ്ങൾ പരസ്പരം കൂട്ടിക്കലർത്താവുന്നതാണ്. അതുപോലെ ഗോതമ്പിലെ തന്നെ വിവിധയിനങ്ങൾ പരസ്പരം കൂട്ടിക്കലർത്താവുന്നതാണ്.

ധാന്യങ്ങളും പഴവർഗങ്ങളും വിളവെടുക്കുവാൻ പാകമായാൽ (അതായത് ചുവപ്പ് നിറമോ മഞ്ഞ നിറമോ പരക്കുക, മുന്തിരി മധുരമുള്ളതാവുക) അതിന് സകാത്ത് നിർബന്ധമായി.

ആരെങ്കിലും ഭൂമി മറ്റൊരാളിൽ നിന്ന് പാട്ടത്തിനെടുത്ത് കൃഷി ചെയ്താൽ അതിനുള്ള സകാത്ത് പാട്ടത്തിനെടുത്ത ആളാണ് നൽകേണ്ടത്. അധിക പണ്ഡിതന്മാരുടെയും അഭിപ്രായം ഇതാണ്. കാരണം സകാത്ത് കൃഷിക്കാണ്, അതല്ലാതെ ഭൂമിക്കല്ല.

മുന്തിരിയും കാരക്കയും മൂപ്പെത്തിയാൽ മൊത്തത്തിൽ അതിന്റെ നിസ്വാബ് മതിച്ച് കണക്കാക്കാവുന്നതാണ്. അങ്ങനെ കണക്കാക്കുന്നയാൾ വിശ്വസ്തനായിരിക്കണം. നിസ്വാബ് എത്തിയിട്ടുണ്ടെങ്കിൽ ആ കൃഷിക്ക് ബാധകമാവുന്നതാണ്.

വിളവെടുക്കുന്നതിന് മുമ്പ് കൃഷിയുടമസ്ഥന് അതിൽനിന്ന് ഭക്ഷിക്കാവുന്നതാണ്. അത് നിസാബിൽ ഉൾപ്പെടുത്തേണ്ടതില്ല. വിളവെടുത്ത് അതിന്റെ ശുദ്ധീകരണം കഴിച്ചതിന് ശേഷം അതിന് സകാത്ത് നൽകുക.

ഒരു വർഷത്തെ വിളവ് പരസ്പരം കൂട്ടിയാണ് സകാത്തിന്റെ നിസ്വാബ് കണക്കാക്കേണ്ടത്. ഉദാ: വേനൽക്കാലത്തെയും ശൈത്യകാലത്തെയും വിളവ് ഒന്നിച്ച് നിസ്വാബ് കണക്കാക്കിയിട്ടാണ് സകാത്ത് നൽകേണ്ടത്. അത് വിറ്റിരുന്നാലും ശരി.

### ഖനന വസ്തുക്കൾ

ഭൂമിയിനിന്ന് ഖനനം ചെയ്തെടുക്കുന്ന സ്വർണം, ഇരുമ്പ്, അലൂമിനിയം, ഈയം, നാകം, മുത്തുകൾ, ഉപ്പ്, പെട്രോൾ മുതലായവ ഇതിൽ പെടും. സ്വർണവും വെള്ളിയുമാണെങ്കിൽ അതിന്റെ നിസ്വാബ് എത്തിയാൽ അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകേണ്ടതുണ്ട്. സ്വർണവും വെള്ളിയുമല്ലാത്തവയാണെങ്കിൽ സ്വർണത്തിന്റെയോ വെള്ളിയുടെയോ നിസ്വാബ് എത്തിയാൽ അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകണം. ഓരോ ഖനന വസ്തുവും അതിന്റെ ശുദ്ധീകരണവും മറ്റും കഴിഞ്ഞിട്ടാണ് സകാത്ത് നൽകേണ്ടത്. അതിന് വർഷം തികയേണ്ടതില്ല. മറിച്ച് കൃഷിയുടെ പോലെ എപ്പോഴാണോ ലഭിക്കുന്നത് അപ്പോൾ അതിന് സകാത്ത് നൽകണം.

കുഴിച്ചെടുക്കുന്ന ഖനന വസ്തുക്കൾ കച്ചവടത്തിനാണെങ്കിൽ അതിന് കച്ചവടത്തിന്റെ സകാതാണ് നൽകേണ്ടത്. ഭൂമിയിൽനിന്ന് ഖനനം ചെയ്തെടുക്കുന്ന സ്വർണവും വെള്ളിയുമല്ലാത്ത വസ്തുക്കൾ കച്ചവടാവശ്യത്തിനു വേണ്ടിയല്ലാതിരുന്നാൽ അവയ്ക്ക് സകാത്ത് ബാധകമാണോ എന്നതിൽ അഭിപ്രായഭിന്നതയുണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ബാധകമല്ല എന്നതാണ്.

### കടലിൽനിന്നും ലഭിക്കുന്നതിന്റെ വിധി

കടലിൽനിന്നും ലഭിക്കുന്ന മുത്ത്, പവിഴം, തിമിംഗലം, മൽസ്യം എന്നിവയ്ക്ക് സകാത്തില്ല. ഇത് വിറ്റ് കിട്ടുന്നതിന്റെ വരുമാനത്തിനാണ് സകാത്ത് നൽകേണ്ടത്. ■



# മതലയനമല്ല; മനുഷ്യ സൗഹാർദമാണ് വേണ്ടത്

ടി.കെ.അശ്റഫ് / ഉസ്മാൻ പാലക്കാഴി

*? ഇന്ത്യയെപ്പോലുള്ള ബഹുമത സമൂഹ രാഷ്ട്രത്തിൽ ജീവിക്കുന്ന മതവിശ്വാസികൾ ഏത് നിലപാടാണ് സ്വീകരിക്കേണ്ടത്? ഈ വിഷയത്തിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാട് എന്താണ്?*

! മുസ്‌ലിംകൾ സ്വന്തം വിശ്വാസത്തിൽ ഉറച്ച് നിൽക്കുമ്പോൾ തന്നെ മറ്റു മതസ്ഥരോട് നല്ലനിലയിൽ വർത്തിക്കേണ്ടതുണ്ട്. ഇന്ത്യയെപ്പോലുള്ള ബഹുമത സമൂഹ രാഷ്ട്രത്തിൽ ജീവിക്കുന്നവർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ മതവിശ്വാസം പരസ്പരം പങ്കുവെച്ചുകൊണ്ടല്ല ഈ സൗഹൃദം സാധ്യമാക്കേണ്ടത്. രണ്ട് വിരുദ്ധാശയങ്ങൾ പരസ്പരം ലയിക്കുമ്പോൾ രണ്ടുമല്ലാത്ത മൂന്നാമതൊരാശയമാണ് ഉണ്ടാകുന്നത്. പിന്നീട് സൗഹാർദത്തിന്റെ ആവശ്യം അവിടെ ഉയരുന്നില്ല. രണ്ട് ആശയങ്ങളും സ്വന്തം ചേരിയിൽ ഉറച്ചുനിൽക്കുമ്പോഴാണ് സൗഹൃദത്തിന്റെ സാധ്യതതന്നെ ഉണ്ടാകുന്നത്. 'നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്കെന്റെ മതം' എന്നതാണ് ക്വുർആനിക നിലപാട്. മനുഷ്യസൗഹാർദമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്.

അവിശ്വാസിയാവുക എന്നത് മാനുഷികമായ നീതിക്ക് ഒരാളെ അർഹമല്ലാതാക്കുന്നില്ല. മനുഷ്യൻ എന്ന നിലയിൽ എല്ലാ മനുഷ്യജീവികളോടും നീതിപൂർവം വർത്തിക്കുവാൻ മുസ്‌ലിംകളെല്ലാം ബാധ്യസ്ഥരാണ്. ഇസ്‌ലാം അംഗീകരിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും വിഭാഗത്തോട് മാനവിക നീതിയാവശ്യമില്ലെന്ന് ക്വുർആൻ പറയുന്നില്ല. ആദർശപരമോ നയപരമോ ആയ ഭിന്നിപ്പുകളുടെ അടിസ്ഥാനത്തിൽ അനീതി കാണിക്കുന്നതിന് ഇസ്‌ലാം എതിരാണ്.

> **മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധത്തിന് വരാത്തവരും വീട്ടിൽ നിന്ന് പുറത്താക്കാത്തവരുമായ ഏതൊരാൾക്കും നൻമചെയ്ത് കൊടുക്കണമെന്നും അവരോട് നീതിപൂർവം പെരുമാറണമെന്നും പഠിപ്പിക്കുന്ന ക്വുർആനിന്റെ അനുയായികൾക്ക് എങ്ങനെയാണ് ഇതര മതസ്ഥരോട് മനുഷ്യത്വരഹിതമായി പെരുമാറുവാൻ കഴിയുക? നീതിയുടെ സാർവത്രിക സ്വഭാവവും, നൻമയുടെ സാർവജനീനതയുമാണ് ശുദ്ധ മാനവികതയുടെ അടിസ്ഥാന സ്തംഭങ്ങൾ. ഇവ കണ്ടെത്തുന്നതിലും തിരിച്ചറിയുന്നതിലും ഉൾക്കൊള്ളുന്നതിലും വിവിധ മതങ്ങൾക്കു സംഭവിച്ച പരാജയമാണ് ലോകത്ത് അശാന്തിയുടെയും വിദ്വേഷത്തിന്റെയും വിത്തുവിതച്ചത്. എന്നാൽ ഇസ്‌ലാം ഈ രംഗത്തു സവിശേഷ സമീപനം പ്രകടിപ്പിച്ചു.**

വിശുദ്ധ ക്വുർആൻ പറയുന്നു: "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (60:8).

"പറയുക എന്റെ രക്ഷിതാവ് നീതി പാലിക്കാനാണ് കല്പിച്ചിരിക്കുന്നത്" (7:29).

"തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതിപാലിക്കുവാനും നൻമ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്" (16:90).

"അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക. നീ കൽപിക്കപ്പെട്ടതുപോലെ നേരെ നിലകൊള്ളുകയും ചെയ്യുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്നു പോകരുത്. നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏതു ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപുലർത്തുവാൻ ഞാൻ കല്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും" (42/19).

മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധത്തിന് വരാത്തവരും വീട്ടിൽ നിന്ന് പുറത്താക്കാത്തവരുമായ ഏതൊരാൾക്കും നൻമചെയ്ത് കൊടുക്കണമെന്നും അവരോട് നീതിപൂർവം പെരുമാറണമെന്നും പഠിപ്പിക്കുന്ന ക്വുർആനിന്റെ അനുയായികൾക്ക് എങ്ങനെയാണ് ഇതര മതസ്ഥരോട് മനുഷ്യത്വരഹിതമായി പെരുമാറുവാൻ കഴിയുക?

നീതിയും നന്മയും പൊതുവായ ദൈവികാനുഗ്രഹമാണെന്നും ഒരു വിശ്വാസിക്കും അവിശ്വാസിക്കുമിടയിലെ ആദർശ വൈജാത്യം ആ പൊതു അനുഗ്രഹം നിഷേധിക്കാൻ കാരണമല്ലെന്നുമാണ് ക്വുർആൻ പറയുന്നത്. 'നീതിയുടെ സാർവത്രിക സ്വഭാവവും, നൻമയുടെ സാർവജനീനതയുമാണ് ശുദ്ധ മാനവികതയുടെ അടിസ്ഥാന സ്തംഭങ്ങൾ. ഇവ കണ്ടെത്തുന്നതിലും തിരിച്ചറിയുന്നതിലും ഉൾക്കൊള്ളുന്നതിലും വിവിധ മതങ്ങൾക്കു സംഭവിച്ച പരാജയമാണ് ലോകത്ത് അശാന്തിയുടെയും വിദ്വേഷത്തിന്റെയും വിത്തുവിതച്ചത്. എന്നാൽ ഇസ്‌ലാം ഈ രംഗത്തു സവിശേഷ സമീപനം പ്രകടിപ്പിച്ചു. നന്മയുടെയും നീതിയുടെയും അർഹതയിൽനിന്ന് പൊതുസമൂഹത്തെയോ ഏതാനും വ്യക്തികളെയോ തടയുവാൻ അനിസ്‌ലാമികതയോ, ഇസ്‌ലാമുമായുള്ള വിയോജിപ്പോ അടിസ്ഥാന കാരണങ്ങളല്ലെന്ന് ഇസ്‌ലാമിന്റെ വേദഗ്രന്ഥമായ ക്വുർആൻ മാനവരാശിയെ പഠിപ്പിച്ചിട്ടുണ്ട്" തോമസ് ആൽഫ്രഡ്, തന്റെ 'വേൾഡ് റിലിജ്യൻസ് ആന്റ് സെക്കുലർ ഹ്യൂമനിസം' എന്ന, 1989ൽ പ്രസിദ്ധീകരിച്ച കൃതിയിൽ എഴുതിയ വരികളാണിത്.

? *പല വിമർശകരും മുസ്‌ലിംകളെ ഇതരമതസ്ഥരോട് വെറുപ്പും അകൽച്ചയും വെച്ചുപുലർത്തുന്നവരായി ചിത്രീകരിക്കാറുണ്ട്. അങ്ങനെയുള്ളവർ ഇപ്പോഴുമുണ്ട്. ഇതരമതസ്ഥരോട് അസഹിഷ്ണുത കാണിക്കണമെന്നാണോ ഇസ്‌ലാം ആവശ്യപ്പെടുന്നത്?*

! ഒരിക്കലും അങ്ങനെയല്ല. ഇസ്‌ലാം സഹിഷ്ണുതയാണ് പഠിപ്പിക്കുന്നത്. അയൽവാസി പട്ടിണികിടക്കുമ്പോൾ മതം നോക്കിയല്ല ഒരു മുസ്‌ലിം സഹായിക്കേണ്ടത്. തൊട്ടടുത്ത വീട് അഗ്നിക്കിരയാകുമ്പോൾ മതത്തിന്റെ നിറം പരിഗണിച്ചല്ല തീ കെടുത്തേണ്ടത്. ആക്സിഡന്റിൽ രക്തം വാർന്നൊലിക്കുന്നവന്റെ ജാതിയന്വേഷിച്ചല്ല അവനെ ആശുപത്രിയിലെത്തിക്കേണ്ടത്. പച്ചക്കരളുള്ള ഏതൊരു ജീവിക്കും കരുണ ചെയ്യണമെന്നാണ് ഇസ്‌ലാമികാധ്യാപനം.

? *വിശ്വാസങ്ങളും ആചാരങ്ങളും പരസ്പരം കൈമാറ്റം ചെയ്യപ്പെടുമ്പോഴാണ് സൗഹാർദം സാധ്യമാവുക എന്നാണ് പലരും പറയാറുള്ളത്. അതിന് മുസ്‌ലിംകൾ വിമുഖത കാണിക്കുന്നു എന്ന ആക്ഷേപവും ഉയരാറുണ്ട്.*

! അതാണ് ഞാൻ നേരത്തെ പറഞ്ഞത്, മതവിശ്വാസം പരസ്പരം പങ്കുവെച്ചുകൊണ്ടല്ല സൗഹൃദം സാധ്യമാക്കേണ്ടത്. രണ്ട് വിരുദ്ധാശയങ്ങൾ പരസ്പരം ലയിക്കുമ്പോൾ രണ്ടുമല്ലാത്ത മൂന്നാമതൊരാശയമാണ് ഉണ്ടാകുന്നത്. ഒരു മുസ്‌ലിം ചന്ദനക്കുറി തൊട്ട് ക്ഷേത്രദർശനം നടത്തുകയും ഹിന്ദു തൊപ്പിവെച്ച് പള്ളിയിൽ കയറി നമസ്കരിക്കുകയും ചെയ്യുമ്പോഴാണ് മതസൗഹാർദമുണ്ടാകുന്നതെന്ന വാദം ഭീമാബ

ദ്ധമാണ്. ഓരോ മതവിശ്വാസിയും സ്വന്തം വിശ്വാസത്തിൽ നിലനിന്നുകൊണ്ട് തന്നെ മറ്റുമതസ്ഥരുമായി സൗഹാർദത്തിലും സ്നേഹത്തിലും സഹകരണത്തിലും ജീവിക്കാൻ സാധിക്കണം. അതിനു സാധിക്കാത്തവിധം മനസ്സ് കുടുസ്സായിപ്പോകുന്നതാണ് സൂക്ഷിക്കേണ്ടത്.

? *മതത്തിൽ തീവ്രനിലപാട് വെച്ചുപുലർത്തുന്നതിനെക്കുറിച്ച്എന്താണ്പറയാനുള്ളത്?*

ഇസ്‌ലാം എല്ലാ രംഗത്തുമുള്ള തീവ്ര നിലപാടുകൾക്കെതിരാണ്. മനുഷ്യരെ കഷ്ടപ്പെടുത്തുന്ന ഒരു നിയമവും ക്വുർആനിലും സുന്നത്തിലുമില്ല. മതം എളുപ്പമാണ് ഉദ്ദേശിക്കുന്നത്. തീവ്രതയിലേക്ക് വലിച്ചിഴക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അവനെ മതം പരാജയപ്പെടുത്തും. മതത്തിന്റെ പേരിൽ പ്രമാണങ്ങളിലില്ലാത്തത് ചെയ്യുന്നവർ മതത്തെ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. നിർബന്ധമായി ചെയ്യേണ്ടതും കഴിവിനനുസരിച്ച് പരമാവധി ചെയ്യാൻ ശ്രമിക്കേണ്ട ഐഛികമായ കാര്യങ്ങളും മതത്തിലുണ്ട്. ഇവ രണ്ടിനോടും ഒരേ സമീപനമല്ല വേണ്ടത്. നിർബന്ധമായതിൽ വീഴ്ച വരുത്തുന്നത് അതീവ ഗൗരവമാണ്. ഐഛികമായ നൻമകളെ നിർബന്ധത്തിന്റെ പിരിധിയിലേക്ക് കൊണ്ടുവന്നാൽ മതം അപ്രായോഗികവും ഭാരമേറിയതുമായി വിലയിരുത്തപ്പെടും. താൻ അനുഷ്ഠിക്കുന്ന മുഴുവൻ ഐഛിക കർമങ്ങളും എല്ലാവരും നിർവഹിക്കണമെന്ന് ആഗ്രഹിക്കാമെങ്കിലും, അതിന് മറ്റുള്ളവരെ നിർബന്ധിക്കുന്നതും അങ്ങനെ ചെയ്യാത്തവരെ കുറ്റക്കാരായി വീക്ഷിക്കുന്നതും ശരിയല്ല.

ആരാധനകളിൽ പോലും തീവ്രത പാടില്ലെന്ന് പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. അല്ലാഹുവിനോടുള്ള മുഖ്യമായ ബാധ്യത വിസ്മരിച്ചുകൊണ്ട് മറ്റുള്ളവർക്ക് വേണ്ടി ജീവിതം മുഴുവൻ നീക്കിവെക്കുകയും മെഴുകുതിരിപോലെ കത്തിത്തീരുകയും ചെയ്യുന്നവരും, അല്ലാഹുവിലേക്ക് അടുക്കാനായി ആരാധനകളിൽ മുഴുകി സ്വന്തത്തെയും കൂടെയുള്ളവരെയും വിസ്മരിച്ച് സമൂഹത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവരും മതത്തിൽ അതിരുകവിഞ്ഞവരാണ്. കഴിവും പ്രാപ്തിയുമുണ്ടെങ്കിൽ മതാനുഷ്ഠാനങ്ങളിൽ പരമാവധി മുൻകടക്കാൻ പരിശ്രമിക്കണം. അതോടൊപ്പം സൃഷ്ടികളോടുള്ള ബാധ്യതകൾ നിറവേറ്റുകയും വേണം.

ഒറ്റക്ക് നമസ്കരിക്കുമ്പോൾ (പ്രത്യേകിച്ച് രാത്രിയിൽ) ദീർഘിപ്പിക്കുന്നത് നല്ലതാണ്. എന്നാൽ വൃദ്ധരും കുട്ടികളുമടങ്ങുന്നവർക്ക് ഇമാമായി നമസ്കരിക്കുമ്പോൾ അവരെക്കൂടി പരിഗണിക്കണം. പ്രവാചകൻ(സ്വ) കുട്ടികളുടെ കരച്ചിൽ കേട്ടപ്പോൾ നമസ്കാരം ലഘൂകരിച്ചത് ഇതിനുദാഹരണമാണ്. ഭർത്താവ് വീട്ടിലുണ്ടെങ്കിൽ അദ്ദേഹത്തിന്റെ അനുവാദത്തോടെയാവണം ഭാര്യ സുന്നത്ത് നോമ്പനുഷ്ഠിക്കേണ്ടതെന്ന നിർദേശത്തിലും ഈ ആശയം തന്നെയാണ് വ്യക്തമാവുന്നത്. ജുമുഅ ഖുത്വുബ, നിക്കാഹ് ഖുത്വുബഃ എന്നിവയുടെ ദൈർഘ്യം അതിൽ പങ്കെടുക്കുന്നവരുടെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടാവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്. മതം ജീവിതത്തിൽ നിലനിൽക്കണമെങ്കിൽ അവധാനതയോടെ ഉൾകൊള്ളുകയും ആത്മാർഥമായി അനുഷ്ഠിക്കുകയും വേണം. ആവേശത്തിന്റെ പേരിൽ ആരംഭിക്കുന്ന നൻമകൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടാവാറുള്ളൂ. കഴിവിൽ പെടാത്തത് വൈകാരികമായി ഏറ്റെടുത്ത് ചുരുങ്ങിയകാലം അനുഷ്ഠിച്ച ശേഷം ഉപേക്ഷിക്കുകയും നിർബന്ധകർമങ്ങൾ പോലും വിസ്മരിക്കുകയും ചെയ്യുന്ന പ്രവണത അപകടത്തിലേക്കാണ് നയിക്കുക.


? *പ്രവാചക ചര്യകളോട് അഥവാ ഹദീസുകളോട് വിമുഖത കാണിക്കുന്ന പ്രവണതയെക്കുറിച്ച് എന്താണ് പറയാനുള്ളത്?*

! അങ്ങനെയൊരു പ്രവണത അപകടകരമാണ്. ഹദീസുകൾ ക്വുർആനിന്റെ വിശദീകരണമാണ്. പ്രവാചക ചര്യകൾ പരമാവധി ജീവിതത്തിൽ പകർത്തേണ്ടവരാണ് മുസ്‌ലിംകൾ. താടിയെ തീവ്രവാദത്തിന്റെ അടയാളമായി മാധ്യമങ്ങൾ ഉയർത്തിക്കാട്ടുകയും ഇസ്‌ലാംവിരോധികൾ അങ്ങനെ പ്രചരിപ്പിക്കുകയും ചെയ്യുന്നതിനാൽ താടി വളർത്താതിരിക്കലാണ് നല്ലതെന്ന് ചിലർ കരുതുന്നു. മറ്റു ചിലർ മതപരമായി അതിന് യാതൊരു പ്രാധാന്യവുമില്ലെന്ന് പറയുന്നു. സലാം പറയൽ, സ്ത്രീകൾ ശിരോവസ്ത്രം ധരിക്കൽ, നെരിയാണിക്ക് താഴെയിറങ്ങാത്ത പുരുഷവസ്ത്രം തുടങ്ങിയവയെയൊക്കെ തീവ്രതയുടെ അടയാളമായി ആക്ഷേപിക്കുന്നവരുണ്ട്. അതുകൊണ്ട് ഇതെല്ലാം ഒഴിവാക്കി 'നിരപരാധിത്വം' തെളിയിക്കാൻ വിശ്വാസിക്ക് സാധിക്കുമോ?

കച്ചവടം, ഭൗതികമായ പുരോഗതികൾ, ധനസമ്പാദനം, പ്രശസ്തി എന്നിവയ്ക്കായി ദീർഘയാത്ര നടത്തുകയും വർഷങ്ങളോളം വീട്ടിൽനിന്ന് വിട്ടുനിൽക്കുകയും രാത്രി വൈകി വീട്ടിലെത്തുകയും കുടുംബത്തെ കാണാൻപോലും സമയം ലഭിക്കാതെ തിരക്കുപിടിച്ച ജീവിതം നയിക്കുകയും ചെയ്യുന്നവരെ ആരും അതിന്റെ പേരിൽ ആക്ഷേപിക്കാറില്ല. ധനസമ്പാദനം നിർത്തിവെക്കണമെന്ന് ഉപദേശിക്കാറില്ല.

എന്നാൽ മതരംഗത്ത് ശ്രദ്ധിക്കുകയും കൃത്യമായി പള്ളിയിൽ പോകുകയും പ്രബോധനത്തിനായി സമയം നീക്കിവെക്കുകയും അതിനായി ദീർഘയാത്രനടത്തുകയും ധനം ചെലവഴിക്കുകയും സുന്നത്തിൽ നിഷ്ഠ പാലിക്കുകയും ചെയ്യുന്നവരെ മതത്തിൽ തീവ്രതയുള്ളവരായി ചിത്രീകരിക്കുന്നവരും അനുഷ്ഠാന തീവ്രതയുള്ളവരായി കാണുകയും പരിഹസിക്കുകയും ചെയ്യുന്നവരുണ്ട്. അത്തരക്കാർ അവരുടെ നിലപാടിലാണ് മാറ്റം വരുത്തേണ്ടത്. ■

# അമ്മാറുബ്നു യാസിർ(റ)




**സി.പി യാസിർ സ്വലാഹി**

: 98469 59550


സ്വഹാബിമാരുടെ ചരിത്രം വിശ്വാസിക്ക് വലിയ അനുഭൂതിയും പ്രചോദനവുമാണ്. അത് വായിക്കുമ്പോൾ റബ്ബിന്റെ തൃപ്തി ലഭിച്ച ആ മഹാൻമാരെ കൂടെ ചേരാൻ കൊതി തോന്നും.

മഹാനായ അമ്മാറുബ്നു യാസിറി(റ)ന്റെയും കുടുംബത്തിന്റെയും ചരിത്രം വിശ്വാസത്തിന്റെ കരുത്ത് എത്രമാത്രം ശക്തമാണെന്ന് തെളിയിക്കുന്നതാണ്. അദ്ദേഹത്തിന്റെ പിതാവ് യാസിർ(റ), മാതാവ് സുമയ്യ(റ) എന്നിവർ മക്കയുടെ പുറത്തുനിന്ന് അടിമകളായി എത്തിയതാണ്. നാടും വീടും കൂടും കുടുംബവുമൊന്നുമില്ല. നന്നായി അടിമപ്പണി ചെയ്യുന്നതിനാൽ അബൂജഹ്ൽ അവർക്ക് വിവാഹം ചെയ്യാനും ഒരുമിച്ച് താമസിക്കാനും സൗകര്യം ചെയ്തു കൊടുത്തു. അതിലൊരു മകൻ പിറന്നു; ചരിത്ര പുരുഷൻ അമ്മാർ!

അമ്മാർ നാൽപത് വയസ്സ് പിന്നിടുമ്പോഴാണ് നബി(സ്വ)ക്ക് നുബുവ്വത്ത് കിട്ടി രഹസ്യ പ്രബോധനം ആരംഭിക്കുന്നത്. നബി(സ്വ)യും അബൂബക്‌റും(റ) വളരെ രഹസ്യമായി അർക്വമുബ്നു അർക്വമി(റ)ന്റെ വീട്ടിൽ ഒരുമിച്ചുകൂടുന്ന കാലം. ഒരു ദിവസം പുലർച്ചെ അബൂബക്‌റി(റ)നെ കണ്ട അമ്മാർ കാര്യമന്വേഷിച്ചു. അദ്ദേഹം സത്യം പറഞ്ഞു. അമ്മാറിന്റെ മനസ്സിൽ ജിജ്ഞാസ വർധിച്ചു.

ഭയമേതുമില്ലാതെ അമ്മാർ അക്ഷമയോടെ കാത്ത് നിന്നു; രാത്രിയാകാൻ! നബി(സ്വ)യെ കാണാൻ ആ കണ്ണുകൾ തുടിച്ചുകൊണ്ടിരുന്നു. രാത്രി ഏറെ വൈകിയപ്പോൾ ആരുമറിയാതെ അമ്മാർ(റ) പുറപ്പെട്ടു. വാതിൽക്കലാരു മുട്ടു കേട്ട അർഖമം(റ) ഭയപ്പെട്ടു. ശാന്തനായി നബി(സ്വ) വാതിൽ തുറക്കാൻ പറഞ്ഞു. പുറത്തതാ, കൂരിരുട്ടിൽ മനസ്സിലാകാത്ത വിധം അമ്മാർ നിന്ന് പരുങ്ങുന്നു!

'വരൂ അമ്മാർ!' സ്നേഹമസൃണമായ ആ വാക്കുകൾ അദ്ദേഹത്തിന്റെ ഉള്ളം നിറച്ചു. നിറഞ്ഞ സന്തോഷത്തോടെ



അദ്ദേഹം അർക്വമി(റ)ന്റെ വീട്ടിൽ പ്രവേശിച്ചു.

പാതിരയോടടുത്ത സമയം! നബി(സ്വ) സഹചാരികൾക്ക് ക്വുർആൻ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് അമ്മാർ ശഹാദത്ത് ചൊല്ലി ഇസ്‌ലാം സ്വീകരിച്ചത്.

പുലരുന്നതിന് മുമ്പ് എല്ലാവരും പിരിഞ്ഞുപോയി. ആരാണ് എല്ലാവരും? വെറും അഞ്ച് പേർ മാത്രം! നബി(സ്വ), അബൂബക്ർ(റ), അമ്മാർ(റ), ബിലാൽ(റ), മിക്വ്ദാദ്(റ)!

വീട്ടിലെത്തിയ അമ്മാർ(റ) പതുങ്ങി കയറുമ്പോൾ ഒരു വിളി കേട്ടു: 'അമ്മാർ, നീ എവിടെയായിരുന്നു?'

പിതാവ് യാസിറിന്റെ ചോദ്യത്തിന് മറുപടി പറയാൻ കഴിയാതെ അമ്മാർ(റ) ഭയന്ന് നിന്നു: 'ഞാൻ... ഞാൻ...'

വാക്കുകൾ തൊണ്ടയിൽ കുടുങ്ങി. എന്ത് പറയും? സത്യം പറയാൻ പറ്റുമോ? കളവ് പറയാമോ?

'നീ ഇടയ്ക്കിടക്ക് രാത്രിയിൽ എവിടെ പോകുന്നു?' പിതാവിന്റെ ചോദ്യമുയർന്നു. മൗനമല്ലാതെ മറ്റൊരു വഴിയും അദ്ദേഹം കണ്ടില്ല.

'നിന്നിൽ പുതിയ ചില മാറ്റങ്ങൾ കാണുന്നുണ്ടല്ലോ? എന്ത് പറ്റി മോനേ നിനക്ക്?'

വൃദ്ധനായ ആ പിതാവിന് താങ്ങും തണലുമായിരുന്നു അമ്മാർ(റ).

'നീ മുഹമ്മദിനെ കാണാറുണ്ടെന്ന് പറയുന്നത് ശരിയാണോ?'

പിതാവിന്റെ ചോദ്യത്തിന്റെ മുമ്പിൽ ഒട്ടും പതറാതെ പറഞ്ഞു:

'ശരിയാണ്, ഞാനദ്ദേഹത്തെ കാണാറുണ്ട്, സംസാരിക്കാറുണ്ട്.'

മകൻെറ സ്ഫുടമായ മറുപടി കേട്ട പിതാവ് സ്തബ്ധനായി.

'ഏതായാലും ഇനി മുഹമ്മദിനെ കാണരുത്. അവനൊരു പുതിയ മതവുമായി വന്നിരിക്കുകയാണ്. നമ്മുടെ ദൈവങ്ങളെയെല്ലാം അവൻ ഒറ്റ ദൈവമാക്കി.'

'പ്രിയപ്പെട്ട ഉപ്പാ, അദ്ദേഹം പറയുന്നത് ഈ ലോകത്തിന് ഒരു സ്രഷ്ടാവ് മാത്രമേയുള്ളൂ. ബാക്കിയുള്ളവരെല്ലാം അവന്റെ സൃഷ്ടികളാണ്. അവനെ മാത്രം ആരാധിക്കണമെന്നാണ്. ഇത് തന്നെയാണ് ശരി.'

അമ്മാറി(റ)ന്റെ വാക്കുകൾ പിതാവ് യാസിറിൽ പരിവർത്തനമുണ്ടാക്കി.

'ശരിയാണ് മോനേ നീ പറയുന്നത്. എന്നാലും അടിമകളായ നാം ഉടമകൾക്കെതിര് നിൽക്കുകയോ ?'

'നമ്മുടെ യഥാർഥ ഉടമ രക്ഷിതാവായ അല്ലാഹു മാത്രമാണ്. അവന്റെ മുമ്പിൽ മാത്രം നാം ഭയഭക്തി കാണിച്ചാൽ മതി. മറ്റുള്ളവരെല്ലാം നമ്മെപ്പോലെ മനുഷ്യർ മാത്രമാണ്.'

അമ്മാറി(റ)ന്റെ വാക്കുകൾ പിതാവിന് ഒരു പ്രഹരമേറ്റപോലെയായി.

'എന്താ മോനേ നീ പറയുന്നത്? നമ്മളും യജമാനൻമാരും ഒരുപോലെയാണെന്നോ? ഒരിക്കലുമല്ല!'

പിതാവിന്റെയും മകന്റെയും സംസാരം ശ്രദ്ധിച്ച മാതാവ് സുമയ്യ മകനെ പിന്താങ്ങി.

'അമ്മാർ പറയുന്നതാണ് ശരി.

**'നീ മുഹമ്മദിനെ കാണാറുണ്ടെന്ന് പറയുന്നത് ശരിയാണോ?' പിതാവിന്റെ ചോദ്യത്തിന്റെ മുമ്പിൽ ഒട്ടും പതറാതെ പറഞ്ഞു: 'ശരിയാണ്, ഞാനദ്ദേഹത്തെ കാണാറുണ്ട്, സംസാരിക്കാറുണ്ട്.' മകൻെറ സ്ഫുടമായ മറുപടി കേട്ട പിതാവ് സ്തബ്ധനായി. 'ഏതായാലും ഇനി മുഹമ്മദിനെ കാണരുത്. അവനൊരു പുതിയ മതവുമായി വന്നിരിക്കുകയാണ്. നമ്മുടെ ദൈവങ്ങളെയെല്ലാം അവൻ ഒറ്റ ദൈവമാക്കി.' 'പ്രിയപ്പെട്ട ഉപ്പാ, അദ്ദേഹം പറയുന്നത് ഈ ലോകത്തിന് ഒരു സ്രഷ്ടാവ് മാത്രമേയുള്ളൂ. ബാക്കിയുള്ളവരെല്ലാം അവന്റെ സൃഷ്ടികളാണ്. അവനെ മാത്രം ആരാധിക്കണമെന്നാണ്. ഇത് തന്നെയാണ് ശരി.' അമ്മാറി(റ)ന്റെ വാക്കുകൾ പിതാവ് യാസിറിൽ പരിവർത്തനമുണ്ടാക്കി.**

അതിലൊരു തെറ്റും പറയാനില്ല.'

യാസിർ ഇരുവരെയും ദയനീയ നോക്കിക്കൊണ്ട് പറഞ്ഞു: 'മോനേ, ഈ പാവം വൃദ്ധനെ നീ പ്രയാസപ്പെടുത്തരുത്. ഞാനും നിന്റെ ഉമ്മയും വെറും അടിമകളായി നാട് ചുറ്റി, എങ്ങുനിന്നോ ഇവിടെ മക്കയിൽ അബൂഹുദൈഫയുടെ കൈകളിലെത്തി. അദ്ദേഹത്തിന്റെ കാരുണ്യം കൊണ്ടാണ് ഞാനും നിന്റെ ഉമ്മയും വിവാഹിതരായത്. അങ്ങനെ നമുക്കൊരു കൂര തന്നു. നമുക്കൊരു കുടുംബമുണ്ടായി. മോനേ, നിന്റെ പുതിയ മതത്തിന് വേണ്ടി അതൊന്നും നീ വേണ്ടെന്ന് വെക്കരുത്. നന്ദികേടാകും. ഈ പാവത്തിന് ഇനി ഒന്നിനുമാവില്ല...'

പുലർച്ചെ നല്ല തണുപ്പുണ്ടായിട്ടും ആ കൊച്ചു കൂരയിലുള്ളവരുടെ ചിന്തക്കും ശരീരങ്ങൾക്കും ചൂട് പിടിച്ചു. എന്ത് ചെയ്യണമെന്നറിയാതെ മൂവരും പരസ്പരം നോക്കിയിരുന്നു.

രണ്ടും കൽപിച്ചുകൊണ്ട് സുമയ്യ(റ) എഴുന്നേറ്റു: 'മുഹമ്മദ് സത്യസന്ധനും വിശ്വസ്തനുമാണ്. അദ്ദേഹം ഒരിക്കലും സത്യമല്ലാതെ ഒന്നും പറയില്ല. എനിക്കദ്ദേഹത്തെ വിശ്വാസമാണ്.'

സന്തോഷംകൊണ്ട് അമ്മാറി(റ)ന്റെ മനസ്സ് നിറഞ്ഞു: 'അൽഹംദുലില്ലാഹ്. ഉമ്മാ, അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം ചൊരിയട്ടെ.'

എന്തു പറയണമെന്നറിയാതെ യാസിർ(റ) മിഴിച്ച് നിന്നു. ആ വൃദ്ധമനസ്സ് കലുഷിതമായിരുന്നു.

അമ്മാറി(റ)ന്റെ ഇസ്‌ലാം സ്വീകരണ വാർത്ത ഖുറൈശികൾക്കിടയിലെത്തി. അവർ രോഷംകൊണ്ടു. അബൂഹുദൈഫ മൂന്നുപേരെയും വിളിച്ചു ചോദ്യം ചെയ്തു. മുശ്‌രിക്കുകൾ ചുറ്റും കൂടി നിന്ന് ആക്രോശിച്ചു.

എന്തു പറയണമെന്നറിയാതെ പാവം വൃദ്ധനായ യാസിർ തരിച്ച് നിന്നു. അബൂഹുദൈഫയുടെ ശബ്ദമുയർന്നു: 'ആരാണ് നിങ്ങൾക്ക് മക്കയിൽ അഭയം നൽകിയത്? മുഹമ്മദോ അതോ ഞാനോ?'

വിറയാർന്ന ശബ്ദത്തിൽ യാസിർ പറഞ്ഞു: 'അങ്ങ് തന്നെ.'

'പിന്നെന്തിന് എന്റെ അനുവാദമില്ലാതെ അമ്മാർ പുതിയ മതം സ്വീകരിച്ചു?' അയാളുടെ ശബ്ദമുയരാൻ തുടങ്ങി.

'അമ്മാർ ആർക്കും പ്രയാസമുണ്ടാക്കുന്നില്ലല്ലോ? പിന്നെന്തിന് ഞങ്ങളെ ഉപദ്രവിക്കണം?' ആ വാക്കുകൾ മുശ്‌രിക്കുകളെ ദേഷ്യം പിടിപ്പിച്ചു.

'നമ്മുടെ ദൈവങ്ങളെയെല്ലാം മുഹമ്മദ് തള്ളിപ്പറയുന്നു. എന്നിട്ട് ഒറ്റ ദൈവമാണെന്നവൻ പറയുന്നു. അത് എന്റെ അടിമ പിൻപറ്റുകയോ? പറ്റില്ല!'

ഇതുകൂടി കേട്ടപ്പോൾ യാസിർ(റ) തിരിച്ചടിച്ചു: 'മുഹമ്മദ് പറഞ്ഞതിലെന്താണ് തെറ്റ്? ഈ ലോകത്ത് മഴ നൽകുന്ന അല്ലാഹു മാത്രമെ ദൈവമായുള്ളൂ എന്ന് പറയുന്നത് തന്നെയാണ് ശരി.'

അബൂഹുദൈഫയുടെ നിയന്ത്രണം നഷ്ടപ്പെട്ടു. യാസിറിന് നേരെ അക്രമണമാരംഭിച്ചു. മനസ്സുകൊണ്ട് യാസിറും മുസ്‌ലിമായിരുന്നു. പിന്നെ അവിടെ നടന്നത് കൂട്ട മർദനമാണ്. യാസിർകുടുംബത്തെ ഒന്നടങ്കം നശിപ്പിക്കാൻ അബൂഹുദൈഫ തിട്ടൂരം നൽകി. ക്രൂരമായ മർദ്ദനമുറകളാണ് പിന്നീട് നടന്നത്. ഇസ്‌ലാമിക ചരിത്രത്തിലെ വേദനിക്കുന്ന ഒരേട്.

അബൂജഹ്ൽ വന്ന് സുമയ്യ(റ)യെ ക്രൂരമായി മർദിച്ചു. അവരുടെ മുൻദ്വാരത്തിലൂടെ കുന്തം കുത്തിയിറക്കി. ആ മഹാവ്യക്തിത്വം പിടഞ്ഞ് പിടഞ്ഞ് ഇസ്‌ലാമിന് വേണ്ടി ആദ്യത്തെ രക്തസാക്ഷിയായി. മകനും ഭർത്താവും നോക്കി നിൽക്കെ!

തുടർന്ന് തടയാൻ ചെന്ന യാസിറി(റ)നെയും അമ്മാറി(റ)നെയും ക്രൂരമായി മർദിച്ചു. വയറിനേറ്റ വെട്ട് കാരണം വൃദ്ധനായ ആ പിതാവും ഭാര്യയുടെ പുറകെ ഇസ്‌ലാമിന് വേണ്ടി ശഹീദായി. മാതാവും പിതാവും ക്രൂരമായി കൊല്ലപ്പെട്ട കാഴ്ച കണ്ട് മരവിച്ച് നിൽക്കുന്ന അമ്മാറി(റ)നോട് നബി തിരുമേനി(സ്വ) പറഞ്ഞു: 'യാസിർ കുടുംബമേ ക്ഷമിക്കുക, സ്വർഗമുണ്ട് നിങ്ങൾക്ക്...'

ജീവച്ഛവമായ അമ്മാർ(റ) ദീർഘകാലം ജീവിച്ചു. അലി(റ)യുടെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം മരണപ്പെട്ടത്. ബദ്ർ ദിനത്തിൽ നബി(സ്വ) അമ്മാറി(റ)ന്റെ അടുക്കൽ ചെന്ന് പറഞ്ഞു:

'അമ്മാർ, താങ്കളുടെ മാതാവിനെ കൊന്നവനെ അല്ലാഹു കൊന്നു.'

അബൂജഹ്‌ലിന്റെ കൊലയെ പറ്റി നബി(സ്വ) തന്നെ നേരിട്ട് ചെന്ന് അറിയിക്കുകയായിരുന്നു. അമ്മാർ(റ) അനുഭവിച്ച ത്യാഗം നമുക്കെല്ലാം മാതൃകയാണ്. ■

**അബൂജഹ്ൽ വന്ന് സുമയ്യ(റ)യെ ക്രൂരമായി മർദിച്ചു. അവരുടെ മുൻദ്വാരത്തിലൂടെ കുന്തം കുത്തിയിറക്കി. ആ മഹാവ്യക്തിത്വം പിടഞ്ഞ് പിടഞ്ഞ് ഇസ്‌ലാമിന് വേണ്ടി ആദ്യത്തെ രക്തസാക്ഷിയായി. മകനും ഭർത്താവും നോക്കിനിൽക്കെ! തുടർന്ന് തടയാൻ ചെന്ന യാസിറി(റ)നെയും അമ്മാറി(റ)നെയും ക്രൂരമായി മർദിച്ചു. വയറിനേറ്റ വെട്ട് കാരണം വൃദ്ധനായ ആ പിതാവും ഭാര്യയുടെ പുറകെ ഇസ്‌ലാമിന് വേണ്ടി ശഹീദായി. മാതാവും പിതാവും ക്രൂരമായി കൊല്ലപ്പെട്ട കാഴ്ച കണ്ട് മരവിച്ച് നിൽക്കുന്ന അമ്മാറി(റ)നോട് നബി തിരുമേനി (സ്വ) പറഞ്ഞു: 'യാസിർ കുടുംബമേ ക്ഷമിക്കുക, സ്വർഗമുണ്ട് നിങ്ങൾക്ക്...'**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 41

# സൂറ: ഫുസ്സിലത്

## (വിശദീകരിക്കപ്പെട്ടു)

(മക്കയിൽ അവതരിച്ചത്)

15. എന്നാൽ ആദ് സമുദായം ന്യായംകൂടാതെ ഭൂമിയിൽ അഹംഭാവം നടിക്കുകയും ഞങ്ങളെക്കാൾ ശക്തിയിൽ മികച്ചവർ ആരുണ്ട് എന്ന് പറയുകയുമാണ് ചെയ്തത്. അവർക്ക് കണ്ടുകൂടേ; അവരെ സൃഷ്ടിച്ച അല്ലാഹുതന്നെയാണ് അവരെക്കാൾ ശക്തിയിൽ മികച്ചവനെന്ന്? നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ച് കളയുകയായിരുന്നു.
16. അങ്ങനെ ദുരിതംപിടിച്ച ഏതാനും ദിവസങ്ങളിൽ അവരുടെ നേർക്ക് ഉഗ്രമായ ഒരു ശീതക്കാറ്റ് നാം അയച്ചു. ഐഹികജീവിതത്തിൽ അവർക്ക് അപമാനകരമായ ശിക്ഷ നാം ആസ്വദിപ്പിക്കാൻ വേണ്ടിയത്രെ അത്. എന്നാൽ പരലോകത്തിലെ ശിക്ഷയാണ് കൂടുതൽ അപമാനകരം. അവർക്ക് സഹായമൊന്നും നൽകപ്പെടുകയുമില്ല.
17. എന്നാൽ സമൂദ് ഗോത്രമോ, അവർക്ക് നാം നേർവഴി കാണിച്ചുകൊടുത്തു. അപ്പോൾ സന്മാർഗത്തെക്കാളുപരി അന്ധതയെ അവർ പ്രിയങ്കരമായി കരുതുകയാണ് ചെയ്തത്. അങ്ങനെ അവർ ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമായി അപമാനകരമായ ഒരു ഭയങ്കരശിക്ഷ അവരെ പിടികൂടി.
18. വിശ്വസിക്കുകയും ധർമനിഷ്ഠ പുലർത്തിക്കൊണ്ടിരിക്കുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.
19. അല്ലാഹുവിന്റെ ശത്രുക്കളെ നരകത്തിലേക്ക് പോകാനായി വിളിച്ചുകൂട്ടുകയും എന്നിട്ടവരെ തെളിച്ചുകൂട്ടി കൊണ്ടുപോകുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു).
20. അങ്ങനെ അവർ അവിടെ (നരകത്തിൽ) ചെന്നാൽ അവരുടെ കാതും അവരുടെ കണ്ണുകളും അവരുടെ തൊലികളും അവർക്ക് എതിരായി അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി സാക്ഷ്യം വഹിക്കുന്നതാണ്.

فَأَمَّا عَادٌ فَٱسۡتَكۡبَرُواْ فِي ٱلۡأَرۡضِ بِغَيۡرِ ٱلۡحَقِّ
وَقَالُواْ مَنۡ أَشَدُّ مِنَّا قُوَّةًۖ أَوَلَمۡ يَرَوۡاْ أَنَّ ٱللَّهَ
ٱلَّذِي خَلَقَهُمۡ هُوَ أَشَدُّ مِنۡهُمۡ قُوَّةٗۖ وَكَانُواْ بِـَٔايَٰتِنَا
يَجۡحَدُونَ ﴿١٥﴾

فَأَرۡسَلۡنَا عَلَيۡهِمۡ رِيحٗا صَرۡصَرٗا فِيٓ أَيَّامٖ نَّحِسَاتٖ
لِّنُذِيقَهُمۡ عَذَابَ ٱلۡخِزۡيِ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۖ
وَلَعَذَابُ ٱلۡأٓخِرَةِ أَخۡزَىٰۖ وَهُمۡ لَا يُنصَرُونَ
﴿١٦﴾

وَأَمَّا ثَمُودُ فَهَدَيۡنَٰهُمۡ فَٱسۡتَحَبُّواْ ٱلۡعَمَىٰ عَلَى
ٱلۡهُدَىٰ فَأَخَذَتۡهُمۡ صَٰعِقَةُ ٱلۡعَذَابِ ٱلۡهُونِ بِمَا
كَانُواْ يَكۡسِبُونَ ﴿١٧﴾

وَنَجَّيۡنَا ٱلَّذِينَ ءَامَنُواْ وَكَانُواْ يَتَّقُونَ ﴿١٨﴾

وَيَوۡمَ يُحۡشَرُ أَعۡدَآءُ ٱللَّهِ إِلَى ٱلنَّارِ فَهُمۡ
يُوزَعُونَ ﴿١٩﴾

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيۡهِمۡ سَمۡعُهُمۡ
وَأَبۡصَٰرُهُمۡ وَجُلُودُهُم بِمَا كَانُواْ يَعۡمَلُونَ ﴿٢٠﴾

15). ആദ്, സമുദ് എന്ന ഈ രണ്ട് സമുദായങ്ങളെയും കുറിച്ചുള്ള ചരിത്രത്തിന്റെ വിശദീകരണമാണ് തുടർന്നുവരുന്നത്. (എന്നാൽ ആദ് സമുദായം) അല്ലാഹുവിൽ അവിശ്വസിക്കുകയും അവന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്യുന്നതോടൊപ്പം ഭൂമിയിൽ അങ്ങേയറ്റം അഹങ്കാരികളും കൂടിയായി

രുന്നു. തങ്ങൾക്ക് ചുറ്റുമുള്ള മറ്റു മനുഷ്യരെ അവർ കീഴ്പ്പെടുത്തിവെച്ചു. അവരോടവർ അക്രമം പ്രവർത്തിക്കുകയും അവരുടെ ശക്തി അവരെത്തന്നെ ആശ്ചര്യപ്പെടുത്തുകയും ചെയ്തു. (ഞങ്ങളെക്കാൾ ശക്തിയിൽ മികച്ചവൻ ആരുണ്ട്?) എല്ലാവർക്കും മനസ്സിലാകുന്ന ഒരു കാര്യമാണ്. അവർക്ക് അല്ലാഹു മറുപടിയായി പറഞ്ഞു: (അവർക്ക് കണ്ടുകൂടേ) അവരെ സൃഷ്ടിച്ച അല്ലാഹുതന്നെയാണ് അവരെക്കാൾ ശക്തിയിൽ മികച്ചവനെന്ന്. അവൻ അവരെ സൃഷ്ടിച്ചിട്ടില്ലായിരുന്നുവെങ്കിൽ അവരുണ്ടാകുമായിരുന്നില്ല. ഇപ്പോഴുള്ള അവസ്ഥയെക്കുറിച്ച് അവർ ശരിയായി ചിന്തിച്ചിരുന്നുവെങ്കിൽ അവരുടെ ശക്തിയിൽ അവർ വഞ്ചിതരാകില്ല. അതിനാൽ അവർ വഞ്ചിതരായ അവരുടെ ശക്തിക്ക് തുല്യമായ യോജിക്കുന്ന ശിക്ഷകൊണ്ട് തന്നെ അല്ലാഹു അവരെ ശിക്ഷിച്ചു.

16) (ഉഗ്രമായ ഒരു ശീതക്കാറ്റ് നാം അവരുടെ മേൽ അയച്ചു) വമ്പിച്ചൊരു കാറ്റ്. ശക്തിയിലും കാഠിന്യത്തിലും മുഴങ്ങുന്നൊരു ശബ്ദമുണ്ടതിന്. ശക്തമായ ഇടിപോലെ, അവരെ അല്ലാഹു കീഴ്പ്പെടുത്തി. (ദുരിതം പിടിച്ച ഏതാനും ദിവസങ്ങളിൽ)

سَبۡعَ لَيَالٖ وَثَمَٰنِيَةَ أَيَّامٍ حُسُومٗاۖ فَتَرَى
ٱلۡقَوۡمَ فِيهَا صَرۡعَىٰ كَأَنَّهُمۡ أَعۡجَازُ نَخۡلٍ خَاوِيَةٖ ۝٧

"തുടർച്ചയായ ഏഴു രാത്രിയും എട്ടുപകലും അത്(കാറ്റ്) അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു. അപ്പോൾ കടപുഴകിവീണ ഈന്തപ്പനത്തടികൾപോലെ ആ കാറ്റിൽ ജനങ്ങൾ വീണുകിടക്കുന്നതായി നിനക്ക് കാണാം" (69:7). അങ്ങനെ അവൻ അവരെ തകർത്തുകളയുകയും നശിപ്പിക്കുകയും ചെയ്തു.

അവരുടെ താമസസ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണാനുണ്ടായിരുന്നില്ല. ഇവിടെ പറഞ്ഞത്. (ഐഹിക ജീവിതത്തിൽതന്നെ അവർക്ക് അപമാനകരമായ ശിക്ഷ നാം ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്). ജനങ്ങൾക്കിടയിൽ അതുമൂലം അപമാനിതരും നിന്ദ്യരുമായിത്തീരുന്നു. (എന്നാൽ പരലോകത്തിലെ ശിക്ഷയാണ് കൂടുതൽ അപമാനകരം. അവർക്ക് സഹായമൊന്നും നൽകപ്പെടുകയുമില്ല) അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് തടയപ്പെടുകയോ അവരെക്കൊണ്ട് അവർക്ക് പ്രയോജനം ലഭിക്കുകയോ ഇല്ല.

17,18). (എന്നാൽ സമൂദ് ഗോത്രമോ?) ഹിജ്റിന്റെ പരിസരങ്ങളിൽ താമസിച്ചിരുന്ന പ്രസിദ്ധ ഗോത്രമാണവർ. സ്വാലിഹ്(അ)യെ ആണ് അവരിലേക്ക് അല്ലാഹു നിയോഗിച്ചത്. തങ്ങളുടെ രക്ഷിതാവിന്റെ ഏകത്വത്തിലേക്ക് അദ്ദേഹം അവരെ ക്ഷണിച്ചു. ബഹുദൈവവിശ്വാസത്തെ അവർക്കദ്ദേഹം വിരോധിച്ചു. മഹത്തായ ഒരു ദൃഷ്ടാന്തമായി ഒരൊട്ടകത്തെ അല്ലാഹു അവർക്ക് നൽകി. അതിന് വെള്ളം കുടിക്കാൻ ഒരു ഊഴവും അവർക്കൊരു ഊഴവും നൽകി. അവർ അതിനുവേണ്ടി ഒന്നും ചെലവഴിച്ചില്ല. അത് അല്ലാഹുവിന്റെ ഭൂമിയിൽ നിന്നും ഭക്ഷിച്ചു. അതാണ് അല്ലാഹു ഇവിടെ പറഞ്ഞത്: (അവർക്ക് നാം നേർവഴി കാണിച്ചുകൊടുത്തു) അതായത് വ്യക്തത നൽകിക്കൊണ്ടുള്ള വഴി കാണിക്കൽ. അവരെക്കുറിച്ച് ഇവിടെ വ്യക്തമായി പറയുന്നു. നശിപ്പിക്കപ്പെട്ട എല്ലാ സമൂഹങ്ങൾക്കും എതിരായി തെളിവുണ്ട്. അവർ വ്യക്തമായ വിശദീകരണങ്ങൾ ലഭിച്ചിട്ടുമുണ്ട്. എന്നാൽ സമൂദ് ഗോത്രത്തിന്റെ ദൃഷ്ടാന്തം വളരെ പ്രകടമായതാണ്. അവരിൽ ചെറിയവരും വലിയവരും ആണും പെണ്ണുമെല്ലാം അത് കണ്ടു. കണ്ണ് തുറപ്പിക്കുന്ന ദൃഷ്ടാന്തായിരുന്നു അത്. അതുകൊണ്ടാണിവിടെ വിശദീകരണവും മാർഗദർശനവും എടുത്തുപറഞ്ഞത്.

പക്ഷേ, അവരുടെ അക്രമവും തിന്മയും കാരണം അവർ അന്ധതയെ ഇഷ്ടപ്പെട്ടു. സന്മാർഗത്തെക്കാൾ ആ സന്മാർഗമാണ് യഥാർഥ അറിവും വിശ്വാസവും. (അങ്ങനെ അവർ ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമായി അപമാനകരമായ ഒരു ഭയങ്കര ശിക്ഷ അവരെ പിടികൂടി). അല്ലാഹുവിന്റെ പക്കൽനിന്ന് അനീതിയായിട്ടല്ല. (വിശ്വസിക്കുകയും ധർമനിഷ്ഠ പുലർത്തിക്കൊണ്ടിരിക്കുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു). സ്വാലിഹ് നബി (അ)യെ അല്ലാഹു രക്ഷപ്പെടുത്തി; അദ്ദേഹത്തെ പിൻപറ്റിയ, ശിർക്കിനെയും പാപത്തെയും സൂക്ഷിച്ച് ജീവിച്ച സത്യവിശ്വാസികളെയും.

19). തന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചും പ്രവാചകന്മാരെ കളവാക്കിയും അവരോട് ശത്രുതകാണിച്ചും അവനോട് ഏറ്റുമുട്ടുന്ന ശത്രുക്കളുടെ പരലോകത്ത് ഒരുമിച്ചുകൂട്ടപ്പെടുമ്പോഴുണ്ടാകുന്ന മോശമായ അവസ്ഥയാണിവിടെ പരാമർശിക്കുന്നത്. (നരകത്തിലേക്ക് തെളിച്ച് കൂട്ടിക്കൊണ്ടുപോകും) ആദ്യത്തെയാൾ മുതൽ അവസാനത്തെ ആളുവരെ. ആദ്യത്തെ ആളെ പിൻതുടർന്ന് അവസാനത്തയാളും വരും. വളരെ പരുഷമായി അവരെ തെളിക്കും. അവർക്കത് തടയാനാകില്ല. സ്വയം സഹായിക്കാനുമാകില്ല. അവർ സഹായിക്കപ്പെടുകയില്ല.

20). (അങ്ങനെ അവർ അവിടെ-നരകത്തിൽ -തുടർന്നാൽ) അങ്ങനെ അവർ നരകത്തിലെത്തിയാൽ അവർ അതിനെ നിഷേധിക്കാൻ ശ്രമിക്കും; അവർ ചെയ്ത തെറ്റുകളെ നിഷേധിക്കാനും. (അവരുടെ കാതും കണ്ണുകളും അവരുടെ തൊലികളും അവർക്കെതിരായി സാക്ഷ്യം വഹിക്കുന്നതാണ്) പ്രത്യേകമായി സാക്ഷ്യംവഹിച്ചശേഷം പൊതുവായി. (അവർ പ്രവർത്തിച്ചതിനെപ്പറ്റി) അതായത് അവരുടെ ശരീരത്തിന്റെ എല്ലാ അവയവങ്ങളും സാക്ഷ്യം വഹിക്കും. ഓരോ അവയവവും പറയും; ഞാൻ ഇന്ന ദിവസം ഇങ്ങനെയെല്ലാം പ്രവർത്തിച്ചു എന്ന്. ഈ മൂന്ന് അവയവങ്ങളെ പ്രത്യേകം പറയാൻ കാരണം അധികതെറ്റും സംഭവിക്കുന്നത് ഈ മൂന്ന് അവയവം കാരണത്താലാണ് എന്നതാണ്.




# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്മൻ

## ക്രിമിനൽ കോടതികൾ

ക്രിമിനൽ കേസുകൾ വിചാരണചെയ്ത് തീർപ്പുകൽപിക്കുന്ന കോടതികളാണ് ക്രിമിനൽ കോടതികൾ. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, അസിസ്റ്റന്റ് സെഷൻസ് കോടതി, സെഷൻസ് കോടതി എന്നിവയാണ് പ്രസ്തുത കോടതികൾ. ഹൈക്കോടതിയും സുപ്രീം കോടതിയും ക്രിമിനൽ അപ്പീൽ കേസുകളും കേൾക്കുന്നതായിരിക്കും. ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റിന് മൂന്നുവർഷം വരെയുള്ള തടവും 5000 രൂപ വരെ പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകൾ വിചാരണ ചെയ്യാവുന്നതാണ്. ചീഫ് ജുഡീഷൽ മജിസ്ട്രേറ്റിന് ഏഴു വർഷം വരെയുള്ള തടവും പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകൾ വിചാരണ ചെയ്യാവുന്നതാണ്. പിഴസംഖ്യയുടെ കാര്യത്തിൽ പരിധി നിശ്ചയിച്ചിട്ടില്ല. അസിസ്റ്റന്റ് സെഷൻസ് ജഡ്ജിക്ക് പത്തുവർഷം വരെയുള്ള തടവും പിഴയും ശിക്ഷ വിധിക്കാവുന്ന കേസുകളും, സെഷൻസ് ജഡ്ജിക്ക് വധശിക്ഷയോ ജീവപര്യന്തം തടവോ ഒപ്പം പിഴശിക്ഷ കൂടിയോ വിധിക്കാവുന്ന കേസുകളും വിചാരണ ചെയ്യാവുന്നതാണ്. എന്നാൽ സെഷൻസ് കോടതിയുടെ വിധിപ്രകാരമുള്ള വധശിക്ഷ നടപ്പിലാക്കണമെങ്കിൽ, ആ വിധിക്ക് ഹൈക്കോടതിയുടെ സ്ഥിരീകരണം ലഭിച്ചിരിക്കേണ്ടതുണ്ട്. ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളുടെ വിധികളിന്മേലും, അസിസ്റ്റന്റ് സെഷൻസ് കോടതികളുടെ ചില വിധികളിന്മേലുമുള്ള അപ്പീലുകൾ കേൾക്കുന്നതിനും സെഷൻസ് ജഡ്ജിമാർക്ക് അധികാരമുണ്ടായിരിക്കും. സെഷൻസ് കോടതി വിധികളിന്മേലുള്ള അപ്പീലുകൾ ഹൈക്കോടതിയും, ഹൈക്കോടതി വിധികളിന്മേലുള്ള അപ്പീലുകൾ സുപ്രിം കോടതിയുമായിരിക്കും കേൾക്കുക.

ക്രിമിനൽ കേസുകൾ കേൾക്കുന്ന ഏതു കോടതിയിലും പരാതിക്കാരനു(complainant) വേണ്ടി ഹാജരാകുന്നത് ഗവണ്മെന്റിന്റെ അഭിഭാഷകനായ പബ്ലിക്ക് പ്രോസിക്യൂട്ടറും, പ്രതിക്കു(accused) വേണ്ടി ഹാജരാകുന്നത് പ്രതിയുടെ അഭിഭാഷകനുമായിരിക്കും. ഇരുഭാഗവും യഥാക്രമം പ്രോസിക്യൂഷൻ ഭാഗമെന്നും പ്രതിഭാഗമെന്നും അറിയപ്പെടും.

ക്രിമിനൽ കേസുകളിൽ പരാതികളും പൊലീസിന്റെ റിപ്പോർട്ടും ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ്സ് മജിസ്ട്രേറ്റു മുമ്പാകെയാണ് ഹാജരാക്കേണ്ടത്. കോടതിയിൽ പ്രതി ഹാജരാകുകയോ, പൊലീസ് പ്രതിയെ കോടതിയിൽ ഹാജരാക്കുകയോ ചെയ്യുമ്പോൾ കേസ് സെഷൻസ് കോടതി വിചാരണ ചെയ്യേണ്ടതാണോ എന്ന് മജിസ്ട്രേറ്റിന് ബോധ്യപ്പെടേണ്ടതുണ്ട്. സെഷൻസ് കോടതി വിചാരണചെയ്യേണ്ട കേസാണെങ്കിൽ, മജിസ്ട്രേറ്റ് ഹാജരാക്കപ്പെട്ടിട്ടുള്ള എല്ലാ രേഖകളും സഹിതം കേസ് ആ കോടതിയിലേക്ക് അയക്കുന്നു. മജിസ്ട്രേറ്റിന്റെ ഈ നടപടിക്ക് കേസ് സെഷൻസിലേക്ക് കമ്മിറ്റ് ചെയ്യുക എന്നാണ് പറയപ്പെടുക. ഇവയിൽ അസിസ്റ്റന്റ് സെഷൻസ് കോടതിക്ക് വിചാരണചെയ്യാവുന്ന കേസുകൾ സെഷൻസ് കോടതി ആ കോടതിയെ ഏൽപിക്കുന്നതായിരിക്കും. സിവിൽ കേസുകളുടെ വിചാരണാകാര്യത്തിലെന്നതുപോലെ ക്രിമിനൽ കേസുകളുടെ വിചാരണാകാര്യത്തിലും ചില നിയമവിലക്കുകളുണ്ട്. കാലഹരണം (limitation) ആണ് ഒരു നിയമവിലക്ക്. പിഴശിക്ഷ മാത്രം നൽകാവുന്ന കേസുകൾ കുറ്റം നടന്ന് ആറുമാസത്തിനകവും, ഒരു വർഷംവരെ തടവുശിക്ഷ നൽകാവുന്ന കേസുകൾ കുറ്റം നടന്ന് ഒരു വർഷത്തിനകവും, മൂന്നുവർഷംവരെ തടവുശിക്ഷ നൽകാവുന്ന കേസുകൾ കുറ്റം നടന്ന് മൂന്നു വർഷത്തിനകവും കോടതിയിൽ കൊടുത്തിരിക്കണം.

ഒരു കുറ്റത്തിനു വിചാരണ ചെയ്ത് കുറ്റക്കാരനല്ലെന്നു കണ്ട് കോടതി വെറുതെവിട്ട പ്രതിയെ, അതേ കുറ്റത്തിന് വീണ്ടും വിചാരണചെയ്തുകൂടാത്തതാണെന്ന് അനുശാസിക്കുന്ന ഓട്ട്റ ഫോയിസ് അകിറ്റ് (ature fois aquit) എന്ന ഫ്രഞ്ചുതത്ത്വവും, ഒരു കുറ്റത്തിനു വിചാരണചെയ്ത് കുറ്റക്കാരനെന്നു കണ്ട് കോടതിശിക്ഷിച്ച പ്രതിയെ, അതേ കുറ്റത്തിനു വീണ്ടും ശിക്ഷിക്കാവുന്നതല്ലെന്ന് അനുശാസിക്കുന്ന ഓട്ട്റ ഫോയിസ് കൺവിക്ട് (ature fois convict) എന്നഫ്രഞ്ച് തത്ത്വവുമാണ്, സിവിൽ കേസുകളിലെ റെസ്ജുഡിക്കേറ്റായ്ക്കു (Resjudicata) സമാനമായി, ക്രിമിനൽ കേസ് പ്രതിക്ക് കോടതിയിൽ ഉന്നയിക്കാവുന്നതായ നിയമതടസ്സവാദങ്ങൾ.

*(അവലംബം)*




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
29 APRIL 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-



നല്ല നാളേക്കായ് ഇന്ന് പഠിക്കാം

SCHOOL OF Qur'an
READ. LEARN. EVOLVE

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

## 2023-24 രജിസ്ട്രേഷൻ ആരംഭിച്ചു

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
**Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus,**
**Mini Ootty - Oorakam, Malappuram - Kerala - India - PIN 676519**
**Mob: +91 8606788882, WhatsApp: 9072646000**
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9207942750 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917